2025
മാർച്ച്
വാല്യം 18 | ലക്കം 3
Annual Subscription ₹ 100.00

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN



നീതിമാനും ദൈവത്തിന്റെ വിശുദ്ധ ദാസനുമായ
വിശുദ്ധ യൗസേപ്പിതാവേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ


നാളെയുടെ ആവശ്യങ്ങൾക്കായി
ഇന്നേ തുടങ്ങാം...
KSFE കോട്ടയം
നാഗമ്പടം ശാഖയിൽ
ഉടൻ ആരംഭിക്കുന്ന ഗ്യാലക്സി ചിട്ടികൾ
മാസ തവണ
കാലാവധി
സല
25,000 x 40 = 10 ലക്ഷം
12,500 x 40 = 5 ലക്ഷം
7,500 x 40 = 3 ലക്ഷം
5,000 x 40 = 2 ലക്ഷം
2,500 x 40 = 1 ലക്ഷം
ചിട്ടി നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
8.75%* വരെ
മെഗാ സമ്മാനങ്ങൾ
₹5000
5000 ഗിഫ്റ്റ് കാർഡുകൾ
KSFE
കോട്ടയം II നാഗമ്പടം ബ്രാഞ്ച്
ഒന്നാം നില സെന്റ്. ആന്റണീസ് കോംപ്ലക്സ്
പ്രൈവറ്റ് ബസ്സ്റ്റാന്റിനു സമീപം, നാഗമ്പടം
0481 2564681
9447 797 116
7593 897 116
116@ksfe.com, ksfe116@gmail.com


92 YEARS
Trusted Name
IN PRINTING PRESS
ESTD. 1933
Good Shepherd
PRESS
Goodshepherd Complex
Goodshepherd Road, Kottayam-1
+91 828 198 9180, +91 944 777 9180
+91 828 197 9180, +91 481 256 9180
goodshepherdpress@gmail.com
gspressktm1933@gmail.com
what can it,
do for your
Business
Offset Printing
Book Publishing
Graphic Designing
We undertake all kinds of
Books | Magazines | Diaries
Booklets | Periodicals | Brochures
Posters | Leaflets | Invitations
Calendars | Labels | Envelopes
Visiting Cards | Letterheads Etc...
Registered Publishers with
International Standard
Book Number (ISBN)
by Govt. of India of Literary
and Academic Books.
The Trusted Name in Printing Press &
Book Publishing Since 1933

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2025 MARCH

Registered Newspaper, Reg. No. KERMAL/2008/24745

VOL.18 ▪ No.03

EDITORIAL BOARD

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil STL**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Dr. Fr. Chacko Puthenparembil**
**Mr. Thomas Williams**
**Sr. Jeanine CSST**

Circulation Manager
**Fr. Joseph Meenaikodath**
Mob: 9496564652
9446864649



## താളുകൾ മറിക്കുമ്പോൾ

04 എഡിറ്റോറിയൽ



തപസനുഷ്ഠാനങ്ങളിലൂടെ നമ്മിലെ ദൈവികതയെ ഉണർത്താം, വളർത്താം, പരിപോഷിപ്പിക്കാം

| | |
|---|---|
| 7 | പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025-ലെ നോമ്പുകാല സന്ദേശം |
| 10 | മദ്യലഹരിവിരുദ്ധ ഞായർ 2025 മാർച്ച് 23 |
| 14 | മൗനത്തിന്റെ ഉപാസകൻ |
| 18 | വിശ്വാസക്കണ്ണട |
| 21 | ഇടവക വാർത്തകൾ |
| 30 | വി.എസ്.എസ്.എസ്. വാർത്തകൾ |

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at **Good Shepherd Press**, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

Editorial

# തപസനുഷ്ഠാനങ്ങളിലൂടെ
## നമ്മിലെ ദൈവികതയെ ഉണർത്താം, വളർത്താം, പരിപോഷിപ്പിക്കാം

മാർച്ച് മാസം അഞ്ചാം തീയതി നാം നെറ്റിയിൽ ചാരം സ്വീകരിച്ചുകൊണ്ട് തപസുകാലത്തിലേക്കു കടന്നു വരികയാണ്. കഴിഞ്ഞ വർഷം ഓശാന ഞായറിൽ കർത്താവിനെ എതിരേൽക്കാൻ കൈയ്യിലേന്തിയ കുരുത്തോല കത്തിച്ചാണ് ചാരം ഉണ്ടാക്കുക. ആ ചാരം 40 ദിവസങ്ങളിലെ ഉപവാസാനുഷ്ഠാനങ്ങളിലൂടെ, വിഭൂതി ബുധന്റെ 40-ാം നാളിൽ കർത്താവിനെ ഓശാന പാടി എതിരേൽക്കാൻ കൈയ്യിലേത്തുന്ന കുരുത്തോലയായി മാറണം. ചാരം മരണത്തിന്റെ പ്രതീകമെങ്കിൽ കുരുത്തോല പുതുജീവന്റെ പ്രതീകമാണ്. വിഭൂതിയിലെ ചാരം പൂശലിന് മറ്റൊരർത്ഥം കൂടിയുണ്ട്. ചാരം നാം നെറ്റിയിൽ ഏറ്റുവാങ്ങുമ്പോൾ വൈദികൻ പറയുന്നു; "മനുഷ്യാ നീ പൊടിയാണ്. പൊടിലേക്കുതന്നെ നാം മടങ്ങും." (ഉൽ 3: 19). പൂഴിയിൽ നിന്ന് രൂപപ്പെടുത്തപ്പെട്ട ആദത്തെയാണ് അത് ഓർമ്മപ്പെടുത്തുക (ഉൽ 2: 7). വിഭൂതി ആത്യന്തികമായി ലക്ഷ്യം വയ്ക്കുന്നത് ഈസ്റ്ററിനെയാണ്; ജീവനേകുന്ന ആത്മാവായി തീർന്ന ഉത്ഥിതനായ യേശുക്രിസ്തുവിനെ. ജ്ഞാനസ്നാനത്തിൽ യേശുവിനോടൊത്തു മരിച്ചുയർത്ത നാമാരും പൂഴിയിൽ നിന്നു രൂപം കൊണ്ട ആദത്തിൽ നിലകൊള്ളേണ്ടവരല്ല, ആത്മാവിന്റെ ചൈതന്യത്തിൽ ഉത്ഥിതനായ യേശുവിലേക്ക് മുന്നേറേണ്ടവരും, ക്രിസ്തുവിൽ ഉത്ഥിതരായി, ആത്മീയരായി, ദൈവീകരായി, സ്വർഗ്ഗീയരായി ജീവിക്കേണ്ടവരുമാണ് (1 കൊറി. 15: 45-49). പൂഴിയുടെ അവസ്ഥയിൽ നിന്നും ആത്മാവിന്റെ അവസ്ഥയിലേക്ക് നമ്മെ നയിക്കുന്ന പ്രക്രിയയും പ്രവർത്തനവുമാണ് തപസനുഷ്ഠാനം.

**40 ദിവസത്തെ ഉപവാസം**

തിന്മയുടെ മേലുള്ള വിജയത്തിന്റെയും ജീവിതനവീകരണത്തിന്റെയും അനുരഞ്ജനത്തിന്റെയും ദൈവാനുഭവത്തിന്റെയും



ആത്മാവിൽ ശക്തിയാർജിക്കുന്നതിന്റെയും അനുഭവമാണ് **'40'** നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരുക. 40 ദിവസത്തെ ജലപ്രളയത്തിലൂടെ (ഉൽ 7: 12) നോഹയുടെ കാലത്ത് ദൈവം ലോകത്തെ മുഴുവൻ കഴുകി ശുദ്ധീകരിച്ചപോലെ നാം 40 ദിവസത്തെ ഉപവാസത്തിലൂടെ പാപത്തിൽ നിന്നും പാപക്കറകളിൽ നിന്നും കഴുകി ശുദ്ധികരിക്കപ്പെടണം. മോശ സീനായ് മലമുകളിൽ 40 ദിവസം ഉപസിച്ച് ദൈവത്തോടൊത്തു വസിച്ച് ദൈവവചനം ഏറ്റുവാങ്ങിയതുപോലെ (പുറ. 34: 28) 40 ദിവസത്തെ ഉപവാസാനുഷ്ഠാനങ്ങളിലൂടെ ദൈവത്തോടൊത്തു വസിക്കാനും ദൈവവചനം ഗ്രഹിക്കാനും നമുക്കു സാധിക്കണം. ഏലിയാ പ്രവാചകൻ 40 ദിവസത്തെ തപസ്സുയാത്രയിലൂടെ (രാജാ 19: 8) ഹോറബ് മലയിലെത്തി ദൈവാനുഭവത്തിൽ മുഴുകിയതുപോലെ 40 ദിവസത്തെ തപസുയാത്രയിലൂടെ നാമും ദൈവാനുഭവത്തിൽ മുഴുകാൻ ശ്രദ്ധിക്കണം. ഇസ്രായേൽ ജനം 40 വർഷത്തെ മരുഭൂമി യാത്രയിലൂടെ ഈജിപ്റ്റിലെ അടിമത്തത്തിൽ നിന്ന് മോചനം പ്രാപിച്ച് വാഗ്ദത്ത ഭൂമിയിലെത്തിയതുപോലെ നാമും 40 ദിവസത്തെ ഉപവാസാനുഷ്ഠാനങ്ങളിലൂടെ പാപത്തിൽ നിന്നും, തിന്മയിൽ നിന്നും, ആസക്തികളിൽ നിന്നും വിരോധങ്ങളിൽ നിന്നും, വിമോചനം പ്രാപിച്ച് സ്നേഹത്തിന്റെയും ക്ഷമയുടെയും കൃപയുടെയും സ്വാതന്ത്ര്യത്തി ലേക്ക് കടന്നുവരണം. ആ മരുഭൂമിയാത്രയിൽ വച്ച് ഇസ്രായേൽ ജനം ദൈവത്തിന്റെ സംരക്ഷണവും പരിപാലനവും സ്നേഹവും അനുഭവിച്ച്, സിനായ് മലയിൽ വച്ച് ദൈവവുമായി ഉടമ്പടി ചെയ്ത് ദൈവജനമായി തീർന്നതുപോലെ നാമും 40 ദിനങ്ങളിലെ തപസാനുഷ്ഠാനങ്ങളിലൂടെ ദൈവത്തിന്റെ സ്നേഹവും സംരക്ഷണവും പരിപാലനവും അനുഭവിച്ച് ദൈവജനമായി ജീവിക്കാൻ ഊർജ്ജം സംഭരിക്കണം. ദാവീദ് രാജാവ് നാല്പതുവർഷത്തെ ഭരണത്തിലൂടെ (ബി.സി. 1010 മുതൽ 970 വര)

ഇസ്രായേലിലെ 12 ഗോത്രങ്ങളെയും ഒരുമിച്ചുകൂട്ടി ഇസ്രായേൽ സാമ്രാജ്യം സ്ഥാപിച്ചതുപോലെ നമ്മുടെ കുടുംബങ്ങളിലും കുടുംബ കൂട്ടായ്മകളിലും ഇടവകകളിലും ഫൊറോനകളിലും രൂപതയിലും 40 ദിവസങ്ങളിലെ തപസാനുഷ്ഠാനങ്ങളിലും അനുരഞ്ജനവും ഐക്യവും ഒരുമയും വരുത്താൻ ശ്രദ്ധിക്കണം. യോനാ പ്രവാചകന്റെ പ്രസംഗം കേട്ട് (യോനാ 3: 4). നിനവേയിലെ ജനം 40 ദിവസത്തിനുള്ളിൽ മാനസാന്തരപ്പെട്ട് രക്ഷ അനുഭവിച്ചതുപോലെ, 40 ദിവസത്തെ തപസനുഷ്ഠാനങ്ങളിലൂടെ നാമും അനുതപിച്ച് രക്ഷയുടെ അനുഭവത്തിൽ വളരണം. 40 ദിനങ്ങളിലെ തപസനുഷ്ഠാനങ്ങളിലൂടെ (മത്ത. 4: 2) യേശുനാഥൻ സാത്താനെ തോല്പിച്ച്, പരീക്ഷകളെ അതിജീവിച്ച്, ആത്മാവിൽ ശക്തിയാർജിച്ച് പരസ്യജീവിതത്തിലേക്ക് വന്നതുപോലെ നാമും 40 ദിവസത്തെ തപസനുഷ്ഠാനങ്ങളിലൂടെ സാത്താനെ തോല്പിച്ച്, പരീക്ഷകളെ ജയിച്ച്, ആത്മാവിന്റെ അഭിഷേകത്താലും ശക്തിയാലും നിറയണം. യേശുനാഥൻ ഉത്ഥാനം ചെയ്തിട്ട് 40 ദിവസം ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ട് അവരുമായുള്ള ബന്ധങ്ങളെയെല്ലാം ക്രമീകരിച്ചിട്ട് സ്വർഗ്ഗം പൂകിയതുപോലെ 40 ദിവസത്തെ തപസാനുഷ്ഠാനങ്ങളിലൂടെ നാമും നമ്മുടെ ബന്ധങ്ങളെയെല്ലാം ക്രമീകരിച്ച് സ്വർഗ്ഗത്തിന്റെ സ്നേഹ ഐക്യത്തിൽ വളരണം.

വിഭൂതിയുടെ 40-ാം നാളായ ഓശാന ഞായറിൽ വിശുദ്ധവാരത്തിലേക്ക് പ്രവേശിക്കുന്ന നാം വിശുദ്ധവാരാചരണത്തിലൂടെ യേശുവോടൊത്ത് പാപത്തിന് മരിച്ച് ദൈവത്തിനായി ഉത്ഥിതമാകുന്ന അനുഭവത്തിലേക്ക് കടന്നുവരണം. അങ്ങനെയുള്ള വിശുദ്ധവാരാചരണത്തിന് ഒരുക്കമാകണം നമ്മുടെ 40 ദിവസത്തെ തപസാചരണം. പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ദാനധർമ്മങ്ങളിലൂടെയും നടത്തുന്ന തപസനുഷ്ഠാനങ്ങളിലൂടെ നമുക്ക് ദൈവത്തോടും മറ്റുള്ളവരോടും ലോകത്തോടും നമ്മോടുതന്നെയുമുള്ള ബന്ധങ്ങളെ ക്രമീകരിക്കാം, നവീകരിക്കാം, സ്നേഹത്താൽ നിറച്ച് ദൃഢപ്പെടുത്താം.

തപസിലൂടെ, ഈ ജൂബിലി വർഷത്തിൽ പ്രത്യാശയുടെ തീർത്ഥാടകരായി മുന്നേറി നമുക്ക് ദൈവസ്നേഹം ആവോളം നുകരാം. ദൈവവചനം ശ്രദ്ധയോടെ പഠിക്കാം. ദൈവാനുഗ്രഹങ്ങളാൽ നിറയപ്പെടാം. ദൈവസ്നേഹം പകർന്നും, ദൈവവചനം പഠിപ്പിച്ചും ശുശ്രൂഷകളിലൂടെയും പങ്കുവയ്ക്കലുകളിലൂടെയും ദൈവാനുഗ്രഹം പകർന്നു ജീവിക്കാം.

*പത്രാധിപർ*

**ഏവർക്കും നല്ലൊരു നോമ്പുകാലം ആശംസിക്കുന്നു**

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2025-ലെ നോമ്പുകാല സന്ദേശം

# പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്രചെയ്യാം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ വാർഷിക തപസ്സുകാലതീർത്ഥാടനം അനുതാപസൂചകമായ ക്ഷാരംപൂശൽ കർമത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ട തിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്ക് തുറന്നു വയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ?'(1 കോറി 15:54–55). യഥാർഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ 10:28; 17:3 കാണുക) [1].

ജൂബിലി വർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, *യാത്രചെയ്യുക* എന്നതാണ്:** ജൂബിലിയുടെ ആപ്തവാക്യമായ പ്രത്യാശയുടെ തീർത്ഥാടകർ പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഇസ്രായേൽ ജനത്തിന്റെ വാഗ്ദത്ത ഭൂമിയിലേക്കുള്ള ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്ത നായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ച് ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പാലായനം ചെയ്യുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യക്ഷണം ഉയരുന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർത്ഥാടകരാണ്. അതിനാൽ നാം ഓരോരുത്തരും ഒരുനിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടുനീങ്ങാതെ നില ഉറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എന്റെ സുരക്ഷിതവലയത്തിൽനിന്ന് പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിന ജീവിതം ഒരു

കുടിയേറ്റക്കാരന്റെയോ വിദേശി യുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നത് എന്നറിയുന്നതും അങ്ങനെ പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്ക് മുന്നേറാൻ സാധിക്കും എന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധന'ആയിരിക്കും.

**രണ്ടാമതായി, *ഒരുമിച്ചു* യാത്രചെയ്യുക:** സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല അപരന്റെ പാർശ്വം ചേർന്നുനടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്കു ഉൾവലിയാനല്ല, മറിച്ച് നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും സമീപത്തേക്ക് നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥം ദൈവ പുത്രരെന്ന നമ്മുടെ പൊതുമഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ (ഗലാ 3:26-28 കാണുക) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്നതത്രേ; അതായത്, പറ്റംചേർന്ന് നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടിമെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെയും പറ്റംചേർന്നുനടക്കുക എന്നതാണിതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ, സ്നേഹത്തിലും ക്ഷമയിലും, പരസ്പരം ശ്രവിക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തന സ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം നമ്മിലേക്കു തന്നെ ഉൾവലിഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷയിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃ സന്നിധിയിൽ ഇരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്തനങ്ങളിലൂടെ, വിദൂരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നു എന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4]. അപ്പോൾ ഇത്, മനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണം ആണ്; അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് *പ്രത്യാശയിൽ* ഒരുമിച്ചു യാത്രചെയ്യാം:** എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (റോമാ 5:5) എന്ന ജൂബിലിയുടെ കേന്ദ്ര സന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പ് തിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാല യാത്രയുടെ കേന്ദ്രബിന്ദു. പ്രത്യാശയിൽ രക്ഷ (Spe Salvi) എന്ന ചാക്രികലേഖനത്തിൽ ബെഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യന് വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ

ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ 8:38-39)'" [6]. എന്റെ പ്രത്യാശയായ ക്രിസ്തു ഉയർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്ക് പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിന്റെ ഉയിർപ്പ്!

**അതിനാൽ ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം:** പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്ക് സ്വയം ചോദിക്കാം: കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻ മാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനും വേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെകുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്ക് ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശയാൽ (റോമാ 5:5 കാണുക), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ്'[8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി'(1 തിമോ 2:4) പ്രാർഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർഗീയ മഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്കു ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവ്വം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും' *(ആത്മാവിന്റെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ [The Exclamations of the Soul to God], 15:3) [9].*

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025-ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്
കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം
പി.ഒ.സി., കൊച്ചി - 682 025

## മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. കമ്മീഷൻ നൽകുന്ന സന്ദേശം.

# മദ്യ-ലഹരിവിരുദ്ധ ഞായർ - 2025 മാർച്ച് 23

വന്ദ്യ വൈദികരെ, സന്യസ്തരെ, മിശിഹായിൽ പ്രിയരേ,

**കേ**രള കത്തോലിക്കാ സഭ മാർച്ച് 23-ാം തീയതി മദ്യ-ലഹരിവിരുദ്ധ ഞായറാഴ്ചയായി ആചരിക്കുകയാണ്. സമൂഹത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന മദ്യ-രാസലഹരിയെക്കുറിച്ച് സഭയായി ചർച്ച ചെയ്യുന്നതിനും ഈ മഹാവിപത്തിനെ ഫലപ്രദമായി നേരിടുന്നതിനും തരണം ചെയ്യുന്നതിനുമുള്ള മാർഗങ്ങൾ കണ്ടെത്തുകയുമാണ് മദ്യ-ലഹരി വിരുദ്ധ ഞായർ എന്നതുകൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. "മദ്യ-ലഹരിവിരുദ്ധ സഭയും സമൂഹവും" എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കഴിഞ്ഞ 27 വർഷമായി കെ.സി.ബി.സി. മദ്യ-ലഹരിവിരുദ്ധ സമിതി പ്രവർത്തിച്ചു വരുന്നു.

മാരകമായ രാസലഹരിയുടെയും മദ്യത്തിന്റെയും നീരാളി പിടുത്തത്തിലാണ് ഇന്ന് നമ്മുടെ കേരളം. എവിടെയും മദ്യവും മയക്കുമരുന്നുകളും സുലഭം. ഇവയ്ക്ക് അടിമപ്പെടുന്നവരുടെ സംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നു. മദ്യത്തിന്റെയും രാസലഹരിയുടെയും ഉപയോഗംവഴി മനുഷ്യർ ക്രൂരരും അക്രമാസക്തരും അപഹാസ്യരുമാകുന്നു. അതോടൊപ്പം, കുടുംബങ്ങളിൽ സമാധാനം ഇല്ലാതാകുന്നു. അധ്വാനഫലം ചോർന്നുപോകുന്നു. സമ്പാദ്യങ്ങൾ നശിക്കുന്നു. കുടുംബങ്ങൾ അനാഥമാകുന്നു. ബന്ധങ്ങൾ തകരുന്നു. ആത്മഹത്യകൾ വർദ്ധിക്കുന്നു. ധാർമികതയ്ക്ക് വിലയില്ലാതാകുന്നു. സ്വന്തം ഭവനത്തിൽ പോലും സ്വന്തപ്പെട്ടവർക്ക് പേടിച്ച് കഴിയേണ്ട അവസ്ഥ. ചുരുക്കത്തിൽ, സമൂഹത്തെ മുഴുവൻ ബാധിച്ചിരിക്കുന്ന സാമൂഹ്യ തിന്മയായി മദ്യ-രാസലഹരി ഉപയോഗം മാറിക്കഴിഞ്ഞിരിക്കുന്നു.

തുടർഭരണം നേടി വരുന്ന സർക്കാരുകൾ പണം കണ്ടെത്തുന്ന കുറുക്കുവഴിയാണ് മദ്യ വില്പനയും മദ്യ നിർമ്മാണവും. ബാറിന്റെയും ബിവറേജ് ഓട്ട്ലെറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ചും, ഐ.ടി. പാർക്കുകളിൽ ബാറും പബ്ബും ആരംഭിച്ചുകൊണ്ടും അവസാനമായി പാലക്കാട് എലിപ്പുള്ളിയിൽ സ്വകാര്യ കമ്പനിക്ക് ബ്രൂവെറിക്ക് അനുമതി നൽകിയും നമ്മുടെ നാടിനെ മദ്യലഹരിയിൽ മുക്കിക്കൊല്ലാനുള്ള അണിയറ ഒരുക്കങ്ങൾ നടക്കുന്നു. മറുവശത്ത്, പൊതുജനം ശാരീരികമായും മാനസികമായും തകർന്നു കൊണ്ടിരിക്കുന്നു. സർക്കാരിന്റെ തന്നെ പദ്ധതിയായ "അമൃതം ആരോഗ്യം" എന്നതിലൂടെ

പത്തു ലക്ഷത്തിലധികം പേരാണ് പുകയില ഉപയോഗം വഴിയുണ്ടായിട്ടുള്ള രോഗങ്ങൾക്ക് ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഇതിന്റെ രണ്ടാംഘട്ടത്തിൽ 23 ലക്ഷം പേർക്കാണ് ചികിത്സ നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കേരളം ഇപ്പോൾ എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. നമ്മുടെ നാടിന്റെ എല്ലാ മൂക്കിലും മൂലയിലും ലഹരി മാഫിയാകൾ സ്ഥാനമുറപ്പിച്ചു കഴിഞ്ഞു. കേവലം, 18 വയസ്സിന് താഴെ പ്രായമുള്ളവരുടെ "കുട്ടിഗുണ്ടാസംഘങ്ങൾ" ലഹരിക്കടിമപ്പെട്ട് ചേരിതിരിഞ്ഞുള്ള ആക്രമണങ്ങൾ ഇവിടെ നടമാടുമ്പോഴും അധികാരികളുടെ കണ്ണുകൾ അടഞ്ഞു തന്നെ.

കേരളത്തിൽ അതിവേഗം വളർന്നുവരുന്ന മദ്യ-രാസലഹരി മാഫിയായെ അമർച്ച ചെയ്യുവാൻ എല്ലാവർക്കും ബാധ്യതയുണ്ട്. സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെങ്കിലും ഒന്നും ഫലം കാണുന്നില്ല. ഒന്നാമതായി, രാസ ലഹരിയുടെ ദോഷഫലങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം. അഞ്ചാം ക്ലാസ് മുതൽ കോളേജ് തലംവരെയുള്ള ക്ലാസുകളിൽ മദ്യ-രാസ ലഹരിയുടെ തിക്തഫലങ്ങൾ വിശദമായി പഠിപ്പിക്കണം. സംസ്ഥാന അതിർത്തികളിലും റെയിൽവേ സ്റ്റേഷനുകളിലും ബസ്സ്റ്റാൻഡുകളിലും നിരീക്ഷണം ശക്തമാക്കണം. കേരളത്തിലേക്ക് തൊഴിൽ തേടി പുറത്തുനിന്നുവരുന്നവരെ സമ്പൂർണ്ണ പരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ മതബോധന ക്ലാസുകളിൽ ഈ വിഷയം ഗൗരവമായി പഠിപ്പിക്കണം. കേരള ഹൈക്കോടതിയുടെ അഭിപ്രായത്തിൽ, യുവതലമുറയെയും പൊതുജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയാണ് മദ്യവും രാസലഹരികളും. നാടിന്റെ സാമ്പത്തിക സ്ഥിരതയെയും അതിന്റെ ബഹുവിധ സംവിധാനങ്ങളെയും ഇത് നശിപ്പിക്കുന്നു. മദ്യ-ലഹരിയുടെ വിപണനത്തിനും ഉപയോഗത്തിനും ശാശ്വത പരിഹാരം കാണുവാൻ സഭയ്ക്കും സഭയിലെ എല്ലാ വിശ്വാസികൾക്കും കടമയുണ്ട്. മാരകമായ ഈ വിപത്ത് സംബന്ധിച്ച് വിശ്വാസികൾ ബോധ്യമുള്ളവരാകണം. കൂട്ടായപ്രാർത്ഥനകളും, ബോധവൽക്കരണവും, മദ്യവിരുദ്ധ പ്രവർത്തനങ്ങളും ഇടവകകളിലും കുടുംബങ്ങളിലും നടത്തണം. "ലഹരിയുടെ ഉപയോഗം വ്യക്തിയുടെ ആരോഗ്യവും ജീവിതവും നശിപ്പിക്കുന്നു" (YOUCAT- 389). രാസ ലഹരിയുടെ വിനാശകരമായ പാർശ്വഫലങ്ങൾ വ്യക്തമാക്കിക്കൊണ്ട് വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇപ്രകാരം പറഞ്ഞു: "മയക്കുമരുന്ന് കച്ചവടക്കാർ മരണ സംസ്കാരത്തിന്റെ വ്യാപാരികളാണ്." ചുരുക്കത്തിൽ, മയക്കുമരുന്നിന്റെ ഉപയോഗത്തെ എതിർക്കുകയും സമൂഹത്തിൽനിന്ന് അത് ഇല്ലാതാക്കുകയും ചെയ്യുകയെന്നത് ഒരോ ക്രൈസ്തവന്റെയും ധർമ്മമാണ്. ഈ വിഷയത്തിൽ സഭയും സമൂഹവും അനുഭവിക്കുന്ന വെല്ലുവിളികളെ നേരിടാനും ഫലപ്രദമായി പരിഹാരം കണ്ടെത്തുവാനുമായി കെ.സി.ബി.സിയുടെ വിവിധ കമ്മീഷനുകൾ എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. കേരള സഭയിലെ എല്ലാ GREIAIM പ്രസ്ഥാനങ്ങളും സംഘടനകളും ലഹരിക്കെതിരെ

യുള്ള പോരാട്ടത്തിൽ പങ്കാളികളാകണം. മദ്യ-ലഹരിവിരുദ്ധ ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് ചിന്തിക്കുകയും മദ്യ-രാസ ലഹരിയിൽ സഭാമക്കൾ ഉൾപ്പെടാതിരിക്കുകയും വേണം. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുക, മദ്യ-രാസ ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുക, ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക എന്നീ ത്രിമാനപരിപാടികളിലൂടെ സമ്പൂർണ്ണ വിമോചനം നേടിയെടുക്കുവാനും, ഈ സാമൂഹ്യവിപത്തിനെതിരെയുള്ള പോരാട്ടങ്ങൾ ശക്തമാക്കുവാനും ഈ മദ്യ-ലഹരിവിരുദ്ധ ഞായർ ആചരണം സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു! ഈ ലക്ഷ്യം നേടിയെടുക്കാൻ കൂട്ടായി പ്രവർത്തിക്കാം. മാർച്ച് 23-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുവാൻ രൂപതാ കേന്ദ്രത്തിൽ നൽകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
*(ചെയർമാൻ, കെ.സി.ബി.സി മദ്യ-ലഹരിവിരുദ്ധ സിമിതി)*

**ബിഷപ്പ് ആർ. ക്രിസ്തുദാസ്** *(വൈസ് ചെയർമാൻ)*

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ** *(വൈസ് ചെയർമാൻ)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി-682023

***(ഈ സർക്കുലർ 2025 മാർച്ച് 23-ാം തീയതി ഞായറാഴ്ച കേരളത്തിലെ സിറോ മലബാർ, ലത്തീൻ, സിറോ മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.)***

## ജന്മദിനാശംസകൾ




മാർച്ച്

01 ഫാ. സുഭാഷ് മാത്യു വ്യാക്കഴ
02 ഫാ. ലീനൂസ് ബിവേര ചുള്ളിക്കപ്പറമ്പിൽ
05 ഫാ. യോഹന്നാൻ (ജോസ്) കൈതക്കുഴി
10 ഫാ. സേവ്യർ ചെറുനെല്ലാടിയിൽ
11 ഫാ. ജോൺ കുന്നത്തുകുഴി
12 ഫാ. ജോസഫ് ചെറുകാക്രാംചേരിൽ
12 മോൺ. ജോസ് നവസ് പുത്തൻപറമ്പിൽ
22 ഫാ. ആന്റണി പാട്ടപ്പറമ്പിൽ
25 ഫാ. അലക്സാണ്ടർ കുമ്പളത്തുപറമ്പിൽ

# വിവാഹ ഒരുക്ക സെമിനാർ

അടുത്ത വിവാഹ ഒരുക്ക സെമിനാർ കോട്ടയത്തു വച്ച് **മാർച്ച് 6,7,8 തീയതികളിലാണ്** നടത്തപ്പെടുന്നത്. ആറാം തീയതി രാവിലെ ഒൻപതു മണിക്ക് രജിസ്ട്രേഷനോടു കൂടി സെമിനാർ ആരംഭിക്കും. പങ്കെടുക്കാൻ വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യ പത്രം, രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോ, ബൈബിൾ, നോട്ട് ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്. സെമിനാറിന്റെ അവസാന ദിവസം എട്ടാം തീയതി രാവിലെ 9.30 ന് മാതാപിതാക്കൾക്ക് പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ മാതാപിതാക്കളും നിർബന്ധമായും ക്ലാസ്സിൽ പങ്കെടുക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി വിളിച്ചു അവസരം ഉറപ്പാക്കേണ്ടതാണ്.


**രജിസ്ട്രേഷൻ ഫീസ്. 1750 രൂപ.**

**വിളിക്കേണ്ട നമ്പർ :**

**1. Mr. Reji John– 9747713183, 9961144628**

**2. Fr. Joseph Babu Poovathumkal – 8606019352**

## മാർച്ച് — പരേതരെ സ്മരിക്കാം



| | | |
|---|---|---|
| 03 | (2008) | ഫാ. തോമസ് വിരുത്തിയിൽ |
| 05 | (1987) | ഫാ. തോമസ് ചാലുങ്കൽ |
| 10 | (1983) | ഫാ. വില്യം ഒ.സി.ഡി. |
| 12 | (1951) | ഫാ. ഡൊസിതേവൂസ് ഒ.സി.ഡി. |
| 14 | (1995) | ഫാ. സക്കറിയാസ് കാഞ്ഞിക്കൽ |
| 19 | (1991) | ഫാ. ഫ്രാൻസിസ് എക്സ്. ഡി. അരൂജ |
| 22 | (1996) | ഫാ. ജോർജ്ജ് പരിയാരം |
| 25 | (1969) | ഫാ. മാത്യു നാരംവേലി |
| 26 | (1958) | ബിഷപ് ബൊനവന്തൂരാ അരാന ഒ.സി.ഡി. |
| 27 | (2007) | ഫാ. മൈക്കിൾ കളത്തിൽ ഒ.സി.ഡി. |
| 30 | (1986) | ഫാ. ബൊനവെഞ്ചർ ഒ.സി.ഡി. |

**അവളുടെ ശക്തിയും കരുണയും -**
**ലോകത്തിന് അവളൊരു പ്രകാശം**
**വനിതാദിനാശംസകൾ- 2025**

# മൗനത്തിന്റെ ഉപാസകൻ

## "സ" യ്ക്ക് ഇപ്പുറം ഒരു സ്വരമുണ്ട്, അതാണ് ദൈവത്തിന്റെ സ്വരനില.

ഫാ. ഷിന്റോ വെളിംപറമ്പിൽ

**വാക്ക്:** ഓരോ വാക്കും ഓരോ വ്യാഖ്യാനമാണ്. കാഴ്ചകളെയും കേൾവികളെയും അനുഭവങ്ങളെയും ഓർമകളെയും കുറിച്ച് ഒരാൾ നടത്തുന്ന വ്യാഖ്യാനമാണ് അയാൾ പറയുന്ന ഓരോ വാക്കും. പറയുന്ന വാക്കുകൾ സത്യമാകണമെന്നില്ല, എന്നാൽ പറഞ്ഞുവെച്ച ഓരോ വാക്കും സത്യത്തിന് അയാൾ നൽകിയ വ്യാഖ്യാനമാണ്. അതുകൊണ്ടാണ്, "ഇന്ന് ഭാഷയിതപൂർണമിങ്ങഹോ" എന്ന് കുമാരനാശാൻ എഴുതിയത്. കാരണം വാക്കിൽ സത്യത്തെ പകരാൻ ആവില്ല, വ്യാഖ്യാനത്തെയേ പറ്റൂ. ദൈവം പോലും മനുഷ്യരുടെ ഭാഷയിൽ സംസാരിക്കുമ്പോൾ അത് പരിമിതപ്പെടുന്നതും അതുകൊണ്ടുതന്നെ. അതിനാൽ തന്നെ കേവല സത്യമായ ദൈവത്തെ തൊടാനുള്ള വഴി വാക്കല്ല. വാക്കല്ലെങ്കിൽ പിന്നെ എന്ത്? അത് വാക്ക് ഇല്ലായ്മയാണ്: അത് നിശ്ശബ്ദതയാണ്.

**നിശ്ശബ്ദത:** നിശ്ശബ്ദതയ്ക്ക് രണ്ട് അടരുകൾ ഉണ്ട്: ബാഹ്യം, ആന്തരികം എന്നിങ്ങനെ. പുറമേ ഒരു വാക്കും മിണ്ടാതെ ഇരിക്കുമ്പോഴും അകമേ ഒരായിരം വാക്കുകളാൽ നിറഞ്ഞിരിക്കാൻ നമുക്കാവും. "പറയാത്ത തെറിവാക്ക് കെട്ടിക്കിടന്നെന്റെ നാവു പൊള്ളുന്നു" എന്ന് കെ. ജി. ശങ്കരപ്പിള്ള എഴുതിയതിൽ പുറമേ പറയാതിരുന്ന വാക്കല്ല, അകമേ തുളുമ്പിനിൽക്കുന്ന വാക്കിന്റെ കയ്പ്പാണ് വിഷയം. അതിനാൽ നിശബ്ദത എന്നതിന്റെ ശരിയായ അർഥം ഉള്ളിലും വാക്ക് ഇല്ലാതാവുക എന്നതാണ്, ചിന്ത നിശ്ചലം ആവുകയാണ്. പുറമേ പറയാത്ത വാക്കുകൾ ഒരാൾ അകമേ സ്വയം പറയുന്നതാണല്ലോ ചിന്ത. അവിടെയും നടക്കുന്നത് വ്യാഖ്യാനം തന്നെ. അത് ഒഴിവാക്കണമെങ്കിൽ അകമേയും ഒരാൾ നിശബ്ദനാകണം.

മൗനം, നിശ്ശബ്ദത എന്നിങ്ങനെ സമാനപദങ്ങൾ ആളുകൾ ഉപയോഗിക്കാറുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസം എനിക്കറിയില്ല. എങ്കിലും പുറമേ നിന്നുള്ള സമ്മർദത്തി ഫലമായി ഒരാൾ വാക്കിനെ അടക്കുന്നതാണ് നിശ്ശബ്ദത എന്നു തോന്നുന്നു. നിശ്ശബ്ദനാക്കപ്പെട്ടു എന്നു പറയും പോലെ മൗനം എന്ന പദം ഉപയോഗിച്ച് പറയാനാവില്ല. എന്നാൽ മൗനിയായി എന്ന് പറയാം. കാരണം മൗനം ഒരാൾ സ്വയം തെരഞ്ഞെടുക്കുന്നതാണ്, ചിലപ്പോൾ കാരണങ്ങളുടെ പേരിൽ. (വ്യാഖ്യാനം തെറ്റെങ്കിൽ ക്ഷമിക്കുക). അതിനാൽ നിശ്ശബ്ദതയെക്കാൾ അർഥപ്പെരുമയുള്ള പദം മൗനം ആണെന്ന് തോന്നുന്നു.

മൗനമെന്ന നിലപാട്:ഒരാളുടെ മൗനത്തെ പൊതുവേ നിഷേധാത്മകമായിട്ടാണ് പരിഗണിക്കാറുള്ളത്. കാരണം നിസ്സഹായന്റെ പ്രതിഷേധമാണ്

മൗനം എന്ന് പറയാറുണ്ട്. അവഗണനയുടെ ഭാഷയും മൗനം തന്നെ. അതിനാൽ മൗനത്തിന് പൊതുജീവിത പരിസരത്തിൽ നിഷേധാത്മക മൂല്യമാണ് കൂടുതൽ ഉള്ളത്. എന്നാൽ മൗനം കൊണ്ട് യുദ്ധത്തോളം എത്താനിടയുള്ള കലഹങ്ങൾ ഒഴിവാക്കുന്ന സന്മനസ്സ് വീടകങ്ങളിൽ കാണാമെന്ന് മറക്കുന്നില്ല. കൂടാതെ, സർഗാത്മക ലോകത്തിൽ മൗനത്തിന് വളരെ ഗാംഭീര്യമാർന്ന വിശദീകരണങ്ങൾ ഉണ്ട്. "ചിത്രകാരൻ ക്യാൻവാസിൽ വരയ്ക്കുമ്പോൾ സംഗീതജ്ഞൻ നിശ്ശബ്ദതയിൽ ചിത്രം വരയ്ക്കുന്നു" എന്ന് വിശ്രുത ഓർക്കസ്ട്രൽ കണ്ടക്ടറായ ലിയോ പോൾഡ് സ്റ്റോക്കോവ്സ്കി പറഞ്ഞിട്ടുണ്ട്. നിശ്ശബ്ദതയുടെ വിടവുകളെ ഒരാൾ പുന:ക്രമീകരണം നടത്തുന്നതാണല്ലോ സംഗീതം. സംഗീതത്തിലേക്ക് മൗനം ഒരു ഭാവാത്മക മൂല്യമാണ് എന്നു സാരം. അതിനാൽ മൗനം നിഷേധാത്മകമാണെന്ന ഒരു നിലപാട് വയ്യ.

ഈശ്വരാന്വേഷികൾക്ക് ഭാരതീയ ഗുരുക്കന്മാർ നൽകുന്ന സാധനയിൽ അവർ തുടങ്ങേണ്ട ആദ്യപാഠം നിശ്ശബ്ദതയാണ്. ആദ്യം വാക്ക് അടങ്ങുകയും പിന്നീട് ചിന്ത അടക്കുകയും ചെയ്യുമ്പോൾ ഒരാൾക്ക് ഈശ്വരാനുഭവം ഉണ്ടാകുന്നുവെന്ന് അവർ കരുതുന്നു. നിശ്ചലമായ തടാകത്തിൽ ഏറ്റവും സൗമ്യമായ ഭാവത്തിൽ, അതിന്റെ സകല സൗന്ദര്യത്തോടും കൂടി, നിലാവ് തെളിയുമെന്ന് നമുക്കറിയാം. അതുപോലെ വാക്കും ചിന്തയും നിശ്ചലമായ ഒരാളുടെ ആന്തരിക ലോകത്തിൽ ദൈവമുഖം തെളിയുമെന്നാണ് മൗനസാധകർ പറയുന്നത്. കാരണം മൗനം ദൈവത്തിന് ഇടപെടാനുള്ള ഇടമാണ്.

സൂക്ഷ്മമായി ശ്വാസത്തെ ശ്രദ്ധിച്ചാൽ ശ്വാസോച്ഛ്വാസങ്ങൾക്കിടയിൽ നിശബ്ദതയുടെ ഒരു ചെറുവിടവുണ്ട് എന്ന് കാണാം. ആ വിടവാണത്രേ ഒരാൾക്ക് നിശബ്ദതയിലേക്ക് പ്രവേശിക്കാനും ദൈവത്തിന്റെ മുഖം കണ്ടെത്താനും ഉള്ള യോഗയുടെ വഴി. അതെ, മൗനത്തിന്റെ ആ ഇടം ദൈവത്തിനു ഇടപെടാനുള്ള ഇടമാണ്.

വാക്കുകളുടെ നിശ്ശബ്ദതയാണ് മൗനം എന്നും ചിന്തകളുടെ മൗനമാണ് ധ്യാനം എന്നും പറയാറുണ്ട്. ആന്തരിക ലോകത്തെ ശ്രദ്ധിക്കുന്നവർക്ക് മൗനം എന്നാൽ ദൈവത്തെ തൊടുന്ന വിരലുകളാണ്, ദൈവത്തെ അറിയാനും കേൾക്കാനും ഉള്ള വഴി കൂടിയാണ്, അത് ദൈവത്തിനൊപ്പം ഇരിക്കലാണ്. അപ്പോൾ മൗനം എന്നാൽ വാക്കു മുട്ടലല്ല, എല്ലാ വാക്കിന്റെയും ഉടയവനെ തൊട്ടിരിക്കലാണ് എന്നുവരുന്നു. അതിനാൽ മൗനം എന്നത് ഒരു നിഷേധാത്മക നിലപാട് അല്ല, മറിച്ച് ദൈവികമായ ഒരു ആഭിമുഖ്യം പുലർത്തുന്നതിന്റെ സൂചനയാണത്: ദൈവത്തോട് ഞാനിതാ എന്ന് പറയലാണ്. അങ്ങനെയെങ്കിൽ ദൈവത്തെ തൊട്ടിരിക്കുന്ന ആളുടെ പേര് മൗനി എന്നല്ല ധ്യാനി എന്നായിരിക്കണം.

ആരാണ് ധ്യാനി? അയാൾ ഓളമടങ്ങിയ തടാകമാണ്: തന്നിൽ പതിഞ്ഞ നിലാവിന്റെ മുഖം അല്പംപോലും വക്രീകരിക്കാൻ അനുവദിക്കാത്തയാൾ. ഒരു കുഞ്ഞോളം കൊണ്ടു പോലും ഒന്നിനെയും ആക്രമിക്കാത്തയാൾ. അതാണ് സുവിശേഷത്തിലെ ജോസഫ്. ഉറങ്ങുന്ന യൗസേപ്പിന്റെ രൂപം ധ്യാനിയുടെ രൂപകം തന്നെയാണ്.

ജോസഫ് ഒരു നിലപാടാണ്:സുവിശേഷകന്മാർ വിശുദ്ധ യൗസേപ്പിന് സുവിശേഷത്തിൽ ഇടം കൊടുത്തില്ല എന്ന് ചില യൗസേപ്പിയൻ വാദികൾ ക്ഷോഭിക്കാറുണ്ട്. യഥാർഥത്തിൽ അദ്ദേഹത്തിന്റെ വാക്കുകൾക്ക് ഇടം കൊടുക്കാത്തതല്ല മൗനം കൊണ്ട് അദ്ദേഹം സംസാരിച്ചതിന്റെ കനം വാക്കിൽ പകരാനാവാത്തതു കൊണ്ടാവാം അനീതി പോലെ നമ്മൾ വ്യാഖ്യാനിക്കുന്ന ആ വാക്കില്ലായ്മ സുവിശേഷത്തിന്റെ ആദ്യഭാഗങ്ങളിൽ നിറഞ്ഞുനിൽക്കുന്നത്. (സുവിശേഷം എന്നാൽ ക്രിസ്തുവാണെന്നും ക്രിസ്തുവിനെ കുറിച്ചുള്ളതുപോലും മുഴുവൻ എഴുതിയിട്ടില്ലെന്നും ഉള്ള നേര് അവർ മറന്നതാവാം.) ജോസഫ് ഒരു തടാകമാണ്, ദൈവമെന്ന നിലാവ് ഓളം വെട്ടാതെ തെളിഞ്ഞിരുന്ന തടാകം. അതിനാൽ തന്നെ അദ്ദേഹത്തിന് സ്വയം വ്യാഖ്യാനിക്കാൻ വാക്കു വേണ്ടിയിരുന്നില്ല: ഒരു ധ്യാനിക്ക് വാക്ക് അനാവശ്യ ചിലവു തന്നെയാണ്. അതുകൊണ്ടാണ് ജോസഫിന്റെ പേരിൽ സുവിശേഷത്തിൽ വാക്കുകളൊന്നുമില്ലാതെ പോയതെന്നാണ് ഞാൻ കരുതുന്നത്. അതു വാസ്തവം ആണെന്നാണ് തോന്നുന്നത്. കാരണം മരിയൻ പ്രത്യക്ഷീകരണങ്ങളിൽ ചിലയിടങ്ങളിൽ അമ്മ മറിയത്തോടൊപ്പം വിശുദ്ധ യൗസേപ്പും പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ അപ്പോഴും അദ്ദേഹം ഒന്നും പറയുന്നതായി കാണുന്നില്ല. ഉദാഹരണം അയർലണ്ടിലെ നോക്കിൽ നടന്ന പ്രത്യക്ഷീകരണം. അതിനർഥം മൗനം ജോസഫിന്റെ തെരഞ്ഞെടുപ്പ് തന്നെയാണെന്നാണ്.

യൗസേപ്പിന്റെ ആ തെരഞ്ഞെടുപ്പ് ദൈവത്തിനു വേണ്ടിയുള്ളതായിരുന്നു. തന്റെ ജീവിതം ദൈവത്തിന് കടം കൊടുത്തതുകൊണ്ട് ലോകത്തെ കേൾക്കാനും മനസ്സിലാക്കാനുമുള്ള വാക്കായിരുന്നില്ല അദ്ദേഹത്തിന്റെ ആവശ്യം, മറിച്ച് ദൈവത്തിന്റെ സ്വരം കേൾക്കാനുള്ള നിശ്ശബ്ദതയായിരുന്നു. കാരണം ദൈവം പാടിയ പാട്ടുകളുടെ സ്വരനില നിശ്ശബ്ദത ആയിരുന്നല്ലോ. വാക്കു വേണ്ടെന്നുവച്ച് ലോകത്തെ വിച്ഛേദിച്ചപ്പോൾ അദ്ദേഹം മൗനം കൊണ്ട് ദൈവത്തെ തൊട്ടിരിക്കുകയായിരുന്നു. (അങ്ങനെയെങ്കിൽ ജോസഫിന്റെ വേണ്ടെന്നുവയ്ക്കലുകളുടെ പട്ടിക എടുക്കേണ്ടതുണ്ട്.) അവസാന അത്താഴത്തിൽ യോഹന്നാൻ യേശുവിന്റെ ചങ്കോരം ചേർന്നിരുന്ന് അവിടുത്തെ ഹൃദയം പറഞ്ഞത് കേട്ടിരുന്ന പോലെ ജോസഫ് മൗനം പുതച്ച് ദൈവത്തെ കേട്ടിരുന്നിരിക്കാം.

ഒരാളുടെ അഹംബോധത്തിന്റെ ഏറ്റവും സൂക്ഷ്മമായ പ്രകാശനമാണ് അയാൾ പറയുന്ന വാക്കുകൾ. കാരണം അയാൾ തന്റെ ചിന്തകളും അനുഭവങ്ങളും ആണല്ലോ വാക്കിലൂടെ പ്രകടിപ്പിക്കുന്നത്. സംസാരിക്കുക എന്നാൽ ഒരാൾ സ്വയം പ്രകാശിപ്പിക്കുക എന്നാണർഥം. ജോസഫ് ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ, എന്നാൽ ദൈവത്തെ നന്നായി കേട്ടിട്ടുണ്ടെങ്കിൽ, അതിനർഥം അദ്ദേഹം അകമേ അത്രമേൽ ശൂന്യൻ ആയിരുന്നുവെന്നാണ്. തന്നെ പ്രകാശിപ്പിക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നേയില്ല എന്നതാണ്. അഹംബോധമി ല്ലായ്മയുടെ ഒരാൾരൂപം പോലെ ജോസഫ്! ഒരു വാക്കു കൊണ്ടു പോലും തന്നെ അടയാളപ്പെടുത്താതിരിക്കാൻ ശാഠ്യം പുലർത്തിയ

ഈ മനുഷ്യൻ എളിമ എന്ന പദത്തെ മനസ്സിലാക്കിയത് എങ്ങനെയായിരിക്കും? അതിസൂക്ഷ്മമാണ് ഈ നിരീക്ഷണങ്ങൾ എന്ന ബോധ്യം ഉണ്ട്. എന്നാൽ ഒരു വാക്കും പറയാത്ത ജോസഫിന്റെ വിശുദ്ധിയുടെ അളവെടുക്കാൻ മറ്റു വഴികളൊന്നുമില്ല.

ആത്മീയ സാധകരൊക്കെയും ചൊല്ലിക്കൂട്ടിയ പ്രാർഥനയെ കുറിച്ചല്ല അവർ പാലിച്ച ആന്തരിക നിശബ്ദതയെയും അപ്പോൾ അവർ കേട്ട ദൈവത്തെക്കുറിച്ചും ആണ് പറഞ്ഞിട്ടുള്ളത്. "ശാന്തമാകുക, ഞാൻ ദൈവമാണെന്ന് അറിയുക" എന്ന സങ്കീർത്തന വചനത്തിന്റെ പൊരുളും അതുതന്നെയാണ്. “നിശബ്ദതയില്ലാത്തതിനാൽ ദൈവം ശബ്ദത്തിൽ അപ്രത്യക്ഷമാകുന്നു. ദൈവം ഇല്ലാത്തതിനാൽ ശബ്ദം കൂടുതൽ ഭ്രാന്തനാകുന്നു. ലോകം നിശബ്ദതയെ വീണ്ടും കണ്ടെത്തിയില്ലെങ്കിൽ അത് നഷ്ടപ്പെടും” എന്ന് കർദിനാൾ റോബർട്ട് സാറാ The Power of Silence: Against the Dictatorship of Noise.- ൽ എഴുതിയിട്ടുണ്ട്. ഇത് ഒരു ഓർമപ്പെടുത്തലാണ്, മൗനം അനിവാര്യതയാണെന്ന്. അതിനാൽത്തന്നെ യൗസേപ്പും യൗസേപ്പിന്റെ മൗനമെന്ന നിലപാടും ശബ്ദമുഖരിതമായ ലോകത്തിന്റെ അനിവാര്യതയാണെന്ന് തിരിച്ചറിയണം.

പഴയ നിയമത്തിൽ ജോസഫും പുതിയനിയമത്തിലെ ജോസഫും തമ്മിലുള്ള വ്യത്യാസം വാക്കിന്റെ ആഡംബരമാണ്. പഴയ നിയമത്തിലെ ജോസഫിനു തന്റെ സ്വപ്നത്തെപറ്റി മൗനം പാലിക്കാൻ കഴിയാതെ പോയതുകൊണ്ടാണ് സഹോദരന്മാർക്ക് സ്വപ്നകഥ കേട്ട് വെറുപ്പ് തോന്നിയത്. ജീവിതത്തിലെ ദുരിത നിമിഷത്തിൽ യൗസേപ്പ് ഒരു കടുത്ത തീരുമാനം എടുത്തപ്പോഴും ഒരു വാക്കും മറിയത്തോട് പറയാതിരിക്കാനായി. ഒന്ന് ഓർത്തു നോക്കണേ, അന്ന് ചില വാക്കുകൾ പറയാതിരിക്കാൻ സാധിച്ചിരുന്നെങ്കിൽ ചിലരൊക്കെ ഇപ്പോഴും കൂടെ ഉണ്ടാകുമായിരുന്നില്ലേ? ചില നഷ്ടങ്ങളെ ഓർത്ത് ഇപ്പോൾ വേദനിക്കേണ്ടി വരുമായിരുന്നോ? പറഞ്ഞുവരുന്നത് മൗന സാധന ഒരാത്മീയ പുണ്യം മാത്രമല്ല ഒരു ജീവിതമൂല്യം കൂടിയാണെന്നാണ്. ശരിയല്ലേ, അനുഭവങ്ങൾ ഇല്ലേ ഒരുപാട് പറയാൻ?

ഗാഡ്ജറ്റുകളും ആഘോഷങ്ങളുമൊക്കെ ഉപയോഗിച്ച് നമ്മൾ എന്തിനെയാണ് പ്രതിരോധിക്കാൻ ശ്രമിക്കുന്നത്, ദൈവ സ്വരം കേൾക്കാനിടയുള്ള സാധ്യതകളെയല്ലേ? കാരണം നമുക്ക് നിശബ്ദത അത്രമേൽ അസഹനീയമാണ്. ശബ്ദം ഇല്ലാതിരിക്കുക എന്നാൽ ജീവിതം നിശ്ചലം ആവുകയാണ് എന്ന്, മരണപ്പെടുകയാണെന്ന് , നമ്മൾ വല്ലാതെ തെറ്റിദ്ധരിച്ചിരിക്കുന്നു. അതിനാൽ തന്നെ യൗസേപ്പിതാവിന്റെ പേരിൽ ആഘോഷിക്കപ്പെടുന്ന ഈ വർഷം മൗനം എന്ന പുണ്യത്തെക്കുറിച്ച് ധ്യാനിക്കാനുള്ള വർഷവും അത് അഭ്യസിക്കാനുള്ള പ്രേരണയും ആകട്ടെ. സെമിനാറുകൾക്കും വിചിന്തനങ്ങൾക്കുമപ്പുറം അല്പനേരം സ്വസ്ഥമായി ഇരിക്കാൻ ശീലിച്ചാൽ ഈ വിശുദ്ധന്റെ ജീവിതം നമ്മൾ പഠിച്ചെടുത്തു എന്നു പറയാം. കാരണം യൗസേപ്പ് നല്ല മരണത്തിന്റെ മാത്രമല്ല നല്ല മൗനത്തിന്റെയും മധ്യസ്ഥൻ ആണ്.

# വിശ്വാസക്കണ്ണട

**ഫാ.അജിത്ത് വർഗ്ഗീസ് കണിയാന്തറ**

മാനവരാശിയെ രക്ഷിക്കാൻ ഒരു സ്ത്രീയുടെ സമ്മതത്തിനു കാത്തുനിൽക്കുന്ന ദൈവത്തിന്റെ ചിത്രം എത്ര അഴകുള്ളതാണ്. ഇത്ര ചെറുതാവാൻ ദൈവത്തിനു മാത്രമേ കഴിയൂ. മാർച്ച് 25 അത്തരം ഒരു ഓർമ്മപ്പെടുത്തൽ നമുക്ക് നൽകുന്നുണ്ട്. മംഗളവാർത്ത തിരുനാളാണത്.

ദൈവനിയോഗവുമായി മാലാഖ മുൻപിൽ വന്നപ്പോൾ മൂന്നു സാധ്യതകളായിരുന്നു പരിശുദ്ധ അമ്മയ്ക്ക് മുൻപിൽ ഉണ്ടായിരുന്നത്: ഒന്ന്, Yes എന്ന് അധരം കൊണ്ട് മാത്രം പറഞ്ഞ് ജീവിതത്തിൽ അത് പിൻതുടരാതിരിക്കാം. രണ്ട്, No എന്ന് പുറമെ പറഞ്ഞ് ജീവിതം കൊണ്ട് Yes പറയാം. മൂന്ന്, തുടക്കം മുതലേ Yes പറഞ്ഞ് ജീവിതം അതിനായി സമർപ്പിക്കാം .

മാനവരാശി മുഴുവൻ അമ്മയുടെ മറുപടിക്കായി കാത്തുനിന്ന ആ നിമിഷം പരിശുദ്ധ അമ്മ തിരഞ്ഞെടുത്തത് ഒടുവിലത്തെ മാർഗമാണ്. ദൈവനിയോഗം കേട്ടമാത്രയിൽ Yes പറഞ്ഞ് ജീവിതം സമർപ്പിച്ചു. അമ്മയ്ക്കരികെ എത്തുന്നവരെ അമ്മ പഠിപ്പിക്കുന്നതും ആ വഴിലൂടെയുള്ള യാത്രയാണ്. അമ്മ ഒരു വഴിവിളക്കായി നിലനിൽക്കുന്നു.

എണ്ണ വറ്റാത്ത വഴിവിളക്കായി. മക്കളെ നേർവഴിലേയ്ക്ക് നയിക്കുന്ന കെടാവിളക്കായി.

സുവിശേഷത്തിലെ മംഗളവാർത്തയെ കുറിച്ചുള്ള വിവരണം വായിക്കുന്ന ഒരാൾ പരിശുദ്ധ അമ്മയുടെ മറുപടി അത്ഭുതത്തോടെയും ആദരവോടെയും നോക്കി കാണുന്നു. എന്നാലും വിശ്വാസത്തിന്റെ വേരുകളെ പിടിച്ചു കുലുക്കുന്ന ഒരു ചോദ്യം വായനക്കാരനിൽ അവശേഷിക്കുന്നു: മംഗളവാർത്തയ്ക്ക് പൂർണ്ണ സമ്മതം മൂളിയ പരിശുദ്ധ അമ്മയ്ക്ക് മുൻപിൽ എന്തിനായിരുന്നു ഇത്രയധികം സങ്കടവഴികൾ ? മരം കോച്ചുന്ന തണുപ്പിൽ കാലിത്തൊഴുത്തിൽ കുഞ്ഞിന് ജന്മം നൽകേണ്ടി വരുക, ഭയത്തിൻ്റെ നിഴലിൽ തന്റെ കുഞ്ഞുമായുള്ള ദീർഘയാത്രകൾ നടത്തുക, മറ്റൊരു യാത്രക്കിടയിൽ കുഞ്ഞിനെ നഷ്ടപ്പെടുക, മുതിർന്നപ്പോൾ വീട് വിട്ട് അലയുന്ന മകന്റെ അപകടകരമായ ജീവിതരീതിയെക്കുറിച്ചുള്ള ഭയത്താൽ ദിനരാത്രങ്ങൾ തള്ളിനീക്കുക, ഒടുവിൽ തന്റെ മകന്റെ അതിക്രൂരമായ മരണത്തിനു സാക്ഷിയാകേണ്ടിവരുക. മംഗളവാർത്തയിൽ ആരംഭിച്ച യാത്ര മുന്നോട്ടു പോകുമ്പോൾ കണ്ടുമുട്ടുന്ന അത്ര മംഗളകരമല്ലാത്ത ജീവിതയേടുകളാണിവ.

വായനക്കാരന്റെ ഈ സന്ദേഹത്തിന് മറുപടി കണ്ടെത്താനുള്ള ശ്രമമാണിവിടെ. ജീവിതത്തിൽ എല്ലാം ഭംഗിയായി നടക്കുകയും ആഗ്രഹി

ക്കുന്നതെല്ലാം നിവർത്തിക്കപ്പെടുകയും ചെയ്യുമ്പോഴാണല്ലോ ആ ജീവിതത്തെ സാധാരണയായി സുന്ദരജീവിതം എന്ന് വിളിക്കുന്നത്. ഈ വീക്ഷണകോണിലൂടെ പരിശുദ്ധ അമ്മയുടെ മംഗളവാർത്തയെയും അതിനുശേഷം സംഭവിച്ച കാര്യങ്ങളെയും വായിച്ചെടുക്കുമ്പോൾ അത്ര മംഗളകരമല്ലാത്ത കാര്യങ്ങളാണ് വായനക്കാരൻ കണ്ടെത്തുന്നത്. എന്നാൽ ലോകത്തിന്റെ കാഴ്ചപ്പാടിലല്ല മാലാഖയുടെ സന്ദേശത്തെ പരിശുദ്ധ അമ്മ ഏറ്റെടുത്തത്. മറിച്ച്, വിശ്വാസത്തിന്റെ കണ്ണടയിലൂടെ ദൈവനിയോഗം മറിയം വായിച്ചെടുത്തു. അങ്ങനെയാണ് അത് മംഗളവാർത്തയായി മറിയത്തിന്റെ ജീവിതത്തിൽ ഭവിച്ചത്.വിശ്വാസത്തിൻ്റെ കണ്ണടയിലൂടെ ജീവിതസഹനങ്ങളെ വായിക്കുകയെന്നതാണ് നമ്മുടെ ജീവിത ദുഃഖങ്ങളെ സന്തോഷരഹസ്യങ്ങളാക്കി മാറ്റുവാനുള്ള കുറുക്കുവഴി എന്ന് അമ്മ ഓർമിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പ ഓർമിപ്പിക്കുന്നതുപോലെ "വിശ്വാസമെന്നത് മുൻപിലുള്ള കൂരിരുട്ടിനെ മുഴുവൻ ഇല്ലാതാക്കുന്ന വെളിച്ചമല്ല മറിച്ച്, ഇരുൾ നിറഞ്ഞ വഴികളിൽ നമ്മെ മുന്നോട്ടു നയിക്കുന്ന പ്രത്യാശയുടെ പ്രകാശമാണ്" (വിശ്വാസത്തിന്റെ വെളിച്ചം, 57). ഈ തിരിച്ചറിവ് ലഭിച്ച ഒരാൾക്ക് മംഗളവാർത്തയിലെ മുള്ളനുഭവങ്ങൾ പ്രത്യാശയുടെ വാതിലുകളായി അനുഭവപ്പെടുന്നു.

വിശുദ്ധ പൗലോസ് അപ്പോസ്തോലൻ ഓർമ്മിപ്പിക്കുന്ന വചനങ്ങൾ മംഗളവാർത്ത സ്വീകരിച്ച് പരിശുദ്ധ മറിയം നടത്തിയ വിശ്വാസയാത്രയുടെ മറ്റൊരു വ്യാഖ്യാനമാണ്. "ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ചു വിളിക്കപ്പെട്ടവർക്ക്, അവിടുന്നു സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്നുവെന്നു നമുക്കറിയാമല്ലോ" (റോമാ 8 : 28). ഈ വിശ്വാസ ഉറപ്പ് ലഭിച്ചവരുടെ ജീവിതനൗക പ്രതികൂലമായ കാറ്റിലും കോളിലും തകരുകയില്ല.

മംഗളവാർത്തയുടെ നാൾവഴികൾ വായിച്ച് മുന്നോട്ട് എത്തുന്ന വായനക്കാരൻ കാൽവരിയിലെ കുരിശിന്റെ ചാരെ മിഴിപൂട്ടി നിൽക്കുന്ന അമ്മയെ കണ്ട് നടുങ്ങുന്നു. മംഗള വാർത്തയുമായി ഒട്ടും ചേർന്ന് പോകാത്ത കരളലിയിക്കുന്ന ഒരു രംഗം. ഇത് ഒരു പ്രതീകമാണ്: ദൈവനിയോഗത്തിനു മുൻപിൽ സഹനങ്ങൾക്കും അർത്ഥം കണ്ടെത്തിയ ശിഷ്യയുടെ പ്രതീകം.എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച ശിഷ്യൻമാർ സഹനനേരത്ത് യേശുവിനെ ഉപേക്ഷിച്ചു. ഇവിടെയാണ് മറിയം എന്ന ശിഷ്യയെ എല്ലാവരിൽ നിന്നും വ്യത്യസ്തയാക്കുന്നത്. സഹനങ്ങളാണ് വിശ്വാസത്തിന്റെ ആഴം അളക്കുവാനുള്ള ഉചിതമായ അവസരമെന്ന് ജീവിതംകൊണ്ട് തെളിയിച്ച പരിശുദ്ധ അമ്മ. തൻ്റെ മകൻ വന്നത് മനുഷ്യന്റെ സഹനങ്ങൾക്ക് ഉത്തരം നൽകാനോ പൂർണ്ണമായി ഇല്ലാതാകാനോ അല്ല മറിച്ച്, ഈ ലോകത്തിൽ വച്ച് താൻ കടന്നു പോയ സഹനത്തിന്റെ കാഴ്ചപ്പാടിൽ അവയെ വ്യാഖ്യാനിക്കാൻ പഠിപ്പിക്കാനാണ് എന്ന് അമ്മയ്ക്ക് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. എന്തിന് സഹനം? എന്നതിന്റെ ഉത്തരമല്ല, എങ്ങനെ സഹിക്കണം? എന്ന് പഠിപ്പിക്കുന്ന

പാഠം പുസ്തകമാണ് ക്രൂശിതനും കുരിശും. കുരിശുമരം പൂത്തപ്പോൾ ലോകത്തിനു ലഭിച്ച അമ്മ പൂവാണ് പരിശുദ്ധ അമ്മ. അമ്മയ്ക്കരികെ എത്തുന്നവരെ കുരിശുമരത്തിന്റെ തണലിലേയ്ക്ക് അമ്മ നയിക്കുന്നു. അമ്മയ്ക്കരികിൽ എത്തുന്നവർ കേൾക്കുന്നത് കാനായിൽ മുഴങ്ങിയ അമ്മമൊഴികളാണ്: "അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ ".

(യോഹന്നാൻ 2 : 5)). ജീവിതത്തിന്റെ എത്ര കൂരിരുട്ടിലും നേർവഴി കാട്ടുന്ന പ്രത്യാശയുടെ വെളിച്ചമാണ് ക്രിസ്തു.

മാനവരാശിയുടെ അമ്മയായി ക്രിസ്തു പരിശുദ്ധ അമ്മയെ ഉയർത്തുന്ന ഭാഗം വായിക്കുമ്പോൾ വായനക്കാരന് മംഗളവാർത്തയിൽ ആരംഭിച്ച പരിശുദ്ധ അമ്മയുടെ അത്ര മംഗളകരമല്ലാത്ത ജീവിതത്തിന്റെ പൊരുൾ പിടികിട്ടുന്നു. "ഈ നിന്റെ ദാസി " എന്ന വാക്കുകളാൽ ദൈവസ്വരത്തിന് അമ്മ നൽകിയ സമ്മതത്തിനും ആ നിയോഗത്തെ വിശ്വാസത്തിന്റെ കണ്ണടയിലൂടെ വായിച്ചതിനുമുള്ള വാഴ്ത്താണ് കാൽവരിയിലെ "ഇതാ നിൻ്റെ അമ്മ" എന്ന ക്രിസ്തുമൊഴി. മരണം അവസാന വാക്കല്ല. സ്നേഹം മരണത്തെയും അതിജീവിക്കും. ദൈവത്തിന് നമ്മോടുള്ള സ്നേഹം മരണത്തെ അതിജീവിച്ചതിന്റെ പേരാണ് ഉത്ഥാനം.

കുരിശോളം മകന്റെ ചാരെ നിന്നൊരമ്മയെ കുരിശിനപ്പുറമുള്ള യാത്രയിൽ മകൻ കൂടെ കൂട്ടുമെന്നതിന്റെ തെളിവാണ് അമ്മയുടെ സ്വർഗാരോപണം.ഇവിടെ വായനക്കാരന് മംഗളവാർത്തയിൽ ആരംഭിച്ച യാത്ര മംഗളമായിരുവെന്ന തിരിച്ചറിവ് ലഭിക്കുന്നു.

സഹനവഴികളിൽ വെളിച്ചം വീശുന്ന പ്രത്യാശയുടെ ദൈവത്തെ തിരിച്ചറിയുവാൻ വിശ്വാസത്തിന്റെ കണ്ണട നമുക്ക് ആവശ്യമാണ്. ദൈവീകനിയോഗങ്ങൾക്ക് ജീവിതം സമർപ്പിച്ച് മുന്നോട്ടുപോകുമ്പോൾ നേരിടേണ്ടിവരുന്ന പരുപരുത്ത അനുഭവങ്ങളിൽ പതറിപോകാതിരിക്കുവാൻ നമുക്കും വേണം വിശ്വാസത്തിന്റെ കണ്ണട. അപ്പോൾ ജീവിതം മംഗളവാർത്തയായി പരിണമിക്കും. ●


## വിവാഹ ആലോചനകൾ ക്ഷണിക്കുന്നു

**ജോബിൻ കെ. ജെ (34)**
കുഴിക്കാട്ടിൽ
തിരുവഞ്ചൂർ പി. ഒ
കോട്ടയം.
വിദ്യാഭ്യാസ യോഗ്യത- Bsc. Bed.
ഗവ. യു. പി സ്കൂൾ അധ്യാപകൻ
Physically challenged



**Phone - 8089786534, 9526506078**

# ഇടവക വാർത്തകൾ



**എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ്** ഇടവകയിൽ തിരുബാലസഖ്യ ദിനാഘോഷം നടത്തപ്പെട്ടു. വികാരി ഫാ. ബ്രിട്ടോ വില്ലുകുളം ദിവ്യബലിക്ക് കാർമികത്വം വഹിച്ചു. യൗസേപ്പിതാവിന്റെയും മാതാവിന്റെയും ഉണ്ണീശോയുടെയും വേഷധാരികളായ കുഞ്ഞുങ്ങൾ പ്രവേശന പ്രദക്ഷിണത്തിനും, വിശ്വാസികളുടെ പ്രാർത്ഥനയ്ക്കും, കാഴ്ച്ചവയ്പ്പിലും പങ്കാളികളായി. മതബോധന ക്ലാസുകൾക്ക് ശേഷം തിരുബാലസംഖ്യത്തിലെ കുഞ്ഞുങ്ങൾക്ക് വേണ്ടി ആശംസകളും, കലാപരിപാടികൾ നടന്നു. മതബോധന ചടങ്ങുകൾക്ക് ഫാ. ബ്രിട്ടോ വില്ലുകുളം ഹെഡ്മാസ്റ്റർ മോൻസി, തിരുബാലസഖ്യം ആനിമേറ്റർ രാജി, മതാധ്യാപകർ തുടങ്ങിയവർ നേതൃത്വം നൽകി.

---

**എരുമേലി പ്രൊപ്പോസ് സെന്റ് ജോസഫ്** ഇടവകയിൽ വി. യൗസേപ്പിതാവിന്റെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. സെബസ്ത്യാനോസിന്റെയും തിരുനാൾ 2025 ജനുവരി 31, ഫെബ്രുവരി 1, 2 ദിവസങ്ങളിൽ സംയുക്തമായി ആഘോഷിച്ചു. തിരുനാൾ ആഘോഷങ്ങൾക്ക് വികാരി ഫാ. ബ്രിട്ടോ വില്ലുകുളം, തിരുനാൾ കമ്മിറ്റി കൺവീനർ വിനോദ്, ഇടവക സമിതി സെക്രട്ടറി ഷാജി, വിവിധ സംഘടനാ ഭാരവാഹികൾ, പ്രസുദേന്തിമാർ തുടങ്ങിയവർ നേതൃത്വം നൽകി. ഫാ. ഫെർണാണ്ടസ് കോട്ടമേട്, ഫാ. ജിൺസൻ ജോർജ് പുതുശ്ശേരിയിൽ, ഫാ. ജോസഫ് സജി പൂവത്തുകാട്, ഫാ. തോമസ് തൈപ്പറമ്പിൽ, ഫാ. പോൾ നെൽസൺ കാനപ്പിള്ളി എന്നിവർ തിരുനാൾ ദിവസങ്ങളിൽ തിരുക്കർ



മ്മങ്ങൾക്ക് നേതൃത്വം നൽകി. തിരുനാളിന് ഒരുക്കമായി ജനുവരി 28, 29, 30 തീയതികളിൽ നടന്ന കുടുംബ നവീകരണ ധ്യാനം കുട്ടിക്കാനം എൽ കാർമെലോ റിട്രീറ്റ് സെന്റർ സുപ്പീരിയർ ഫാ. സിബി ജോൺ ചന്ദ്രോത്ത് നയിച്ചു. ഫെബ്രുവരി 2 ന് സമർപ്പിതരുടെ തിരുനാൾ ദിനത്തിൽ സന്യസ്തരെ ആദരിക്കുകയും ചെയ്തു.

## കെ സി എസ് എൽ വാർഷികം



കോട്ടയം: വിജയപുരം രൂപത കെ സി എസ് എൽ വാർഷികം **'കോൺഫറൻസ'2025** വിജയപുരം രൂപത പാസ്റ്ററൽ സെന്റർ വിമലഗിരി കത്തീഡ്രലിൽ വെച്ച് ആഘോഷിച്ചു. വിജയപുരം രൂപതയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ നിന്ന് 850 വിദ്യാർത്ഥികൾ പങ്കെടുത്തു. വിജയപുരം രൂപത മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ഉദ്ഘാടനം ചെയ്തു. കെ സി എസ് എൽ രൂപത ഡയറക്ടർ റവ ഡോ. ആൻറണി ജോർജ് പാട്ടപ്പറമ്പിൽ അധ്യക്ഷനായിരുന്നു. കുട്ടികൾ വിവിധ ബൈബിൾ പരിപാടികൾ അവതരിപ്പിച്ചു. കെ സി എസ് എൽ രൂപത പ്രസിഡന്റ് റവ. സി.സിന്ധു CTC, വൈസ് പ്രസിഡന്റ് റവ. സിസ്റ്റർ സരള മേരി, ഓർഗനൈസർ റവ. സിസ്റ്റർ ഷേളിൻ CSST വിദ്യാർത്ഥികളായ ടോമി തോമസ് അഭിലാഷ്, ജോസ് വിൻ സിജോ, ജെനീറ്റ, നിമിഷ തെരേസ, മരിയ ജിമ്മി എന്നിവർ നേതൃത്വം നൽകി.

## സന്യസ്തദിനാചരണം - സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ







കുറുമുള്ളൂർ സെന്റ് മേരീസ് ദൈവാലയത്തിൽ സന്യസ്തദിനം ആചരിച്ചു. ഞായറാഴ്ച മതബോധന ക്ലാസുകൾക്ക് ശേഷം കൂടിയ മീറ്റിംഗിൽ സൺഡേസ്കൂൾ അധ്യാപികയായി സേവനം അനുഷ്ഠിക്കുന്ന സിസ്റ്റർ റോസ്‌ലിനെ ആദരിച്ചുകൊണ്ട് സന്യസ്തദിനം ആഘോഷിച്ചു. പ്രധാന അധ്യാപകനായ ജോസഫ് നെല്ലിത്താനം യോഗത്തിന് സ്വാഗതം ആശംസിച്ചു. ബഹുമാനപ്പെട്ട വികാരി ആൽബർട്ട് കുമ്പളോലിൽ അധ്യക്ഷത വഹിക്കുകയും സന്യസ്തദിനത്തിന്റെ ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയും ചെയ്തു. സിസ്റ്റർ റോസ്‌ലിൻ തന്റെ ജീവിതാനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുകയും, കുട്ടികൾക്കിടയിൽ ദൈവവിളികൾക്കുള്ള പ്രാധാന്യത്തെപ്പറ്റി ഓർമപ്പെടുത്തുകയും ചെയ്തു. അധ്യാപക പ്രതിനിധി റോജോമോൻ ടി.സി. യോഗത്തിന് കൃതജ്ഞത അർപ്പിച്ചു.

## കുട്ടികളുടെ ജൂബിലി

2025 സാധാരണ ജൂബിലി വർഷത്തിൽ കുട്ടികളുടെ ജൂബിലി ക്ലാസ്-11ന്റെ ഭവന സന്ദർശന സമാപനം ശ്രീ. ജിൻസൺ പുളിയോരത്തിന്റെ ഭവനത്തിൽ നടത്തപ്പെട്ടു. പ്രസ്തുത യോഗത്തിൽ അധ്യാപിക റോണ റോസ് ജോണി



സ്വാഗതം ആശംസിച്ചു. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ജോസഫ് സർ, സി. റോസിലിൻ, ജോഷി സാർ, ജിൻസൺ സാർ എന്നിവർ ആശംസകൾ അറിയച്ചു. അതോടൊപ്പം ഈ ജൂബിലിയുടെ ലക്ഷ്യം, പ്രാധാന്യം എന്നിവ വിശദമാക്കുകയും ചെയ്തു. കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു. കുട്ടികളുടെ നവീകരണം ലക്ഷ്യം വെച്ച് നടത്തപ്പെട്ട ഭവന സന്ദർശനത്തെക്കുറിച്ചുള്ള അനുഭവങ്ങൾ മാതാപിതാക്കൾ പങ്കുവെച്ചു. കുട്ടികൾക്കും മാതാപിതാക്കൾക്കും അധ്യാപകരുമായി കൂടുതൽ ആത്മബന്ധം സ്ഥാപിക്കുവാനും, കുട്ടികളുടെ സാഹചര്യങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാനും ഈ ഭവന സന്ദർശനത്തിലൂടെ സാധിച്ചു. കുട്ടികളുടെ സൗഹൃദങ്ങൾക്കൊപ്പം മാതാപിതാക്കൾക്കും അവരുടെ സൗഹൃദങ്ങൾ പങ്കുവെക്കാനും ഈ മീറ്റിംഗ് വേദിയായി. കൂട്ടായ്മയുടെ പ്രതീകമായുള്ള സ്നേഹവിരുന്ന് നടത്തപ്പെട്ടു. ക്ലാസ്സിലെ മുഴുവൻ കുട്ടികളും മാതാപിതാക്കളും പ്രസ്തുത യോഗത്തിൽ പങ്കെടുത്തു. ശ്രീ. അജേഷ് കൊല്ലെകുന്നേൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.



രൂപത മതബോധന ഡയറക്ടർ ഫാ. വർഗ്ഗീസ് കോട്ടയ്ക്കാട്ട്
ഡണ്ടികൊമ്പ് മതബോധന യൂണിറ്റ് സന്ദർശിച്ചപ്പോൾ

# മൂവാറ്റുപുഴ സോൺ സന്യസ്ത സംഗമം



ഫെബ്രുവരി ഒന്നാം തീയതി പെരുമ്പാവൂർ നിർമ്മല കോൺവെന്റിൽ വച്ച് നടത്തപ്പെട്ടു.മേഖലയിലെ ആറ് കോൺവെന്റിലെ സിസ്റ്റേഴ്സിന്റെ മേഖല സന്യസ്ത സംഗമം വളരെ അനുഗ്രഹപ്രദമായിരുന്നു. ദിവ്യകാരുണ്യ സന്നിധിയിൽ എല്ലാവരും ഒരു മനമോടെ ആയിരുന്നു. തങ്ങളുടെ ജീവിതത്തിന് ഏറ്റവും നല്ല നിമിഷങ്ങൾ ദൈവാനുഗ്രഹപ്രദമാക്കുന്ന ദിവ്യകാരുണ്യ ദൈവീക ആരാധനയും. അതിലൂടെ കിട്ടുന്ന ആനന്ദത്തിനും ആശ്വാസത്തിനും എല്ലാ സിസ്റ്റേഴ്സും നന്ദി പറഞ്ഞു. തുടർന്ന് ചർച്ചകളും ഗെയിമുകളും ആയി പരസ്പരം സ്നേഹവും പങ്കുവെച്ച് കൂട്ടായ്മയ്ക്ക് ഉണർവേകി. തുടർന്ന് 11.30 മണിയോടുകൂടി സമ്മേളനം ഔദ്യോഗികമായി ഉദ്ഘാടനം മൂവാറ്റുപുഴ ഫെറോനാ വികാരി ഫാദർ വിൻസെന്റ് പാറമേൽ നിർവഹിച്ചു. ദൈവജനം ഉണർന്ന് പ്രാർത്ഥിക്കുകയും പ്രവർത്തി ക്കുകയും ചെയ്യേണ്ട കാലമാണിതെന്നും ഭാരത സഭ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ വിശുദ്ധരും നിസ്വാർത്ഥമായ സേവനം ചെയ്യുന്ന സന്യാസിനികൾ സഭയ്ക്ക് ബലം പകരും എന്നും ഉദ്ഘാടന പ്രസംഗത്തിൽ ഫാദർ വിൻസന്റ് പാറമേൽ എടുത്തുപറഞ്ഞു. ഓരോ സന്യാസിനികളും സ്നേഹത്തിന്റെ വക്താക്കളാകണം. വ്യക്തമായി അനുഭവവേദ്യമാകുന്ന തരത്തിൽ ദൈവം വ്യക്തികളുടെ വിശ്വാസത്തെ പരീക്ഷിച്ചറിയുന്നു. ദൈവത്തിലുള്ള വിശ്വാസം എത്ര ആത്മാർത്ഥതയുള്ളതും ശക്തമാണെന്ന് തെളിയിക്കാൻ സ്നേഹപ്രവർത്തിയിൽ വിശ്വാസ സമൂഹത്തിന് മാതൃകയുമായി സന്യാസിനികൾ നിലകൊള്ളണമെന്ന് ഫാദർ ജോർജ് പുത്തൻപറമ്പിൽ പറഞ്ഞു. തുടർന്ന് സമ്മേളനത്തിന് ആശംസ അറിയിച്ച ഫാദർ പീറ്റർ ഇഞ്ചപ്പാറ കൂട്ടായ്മയുടെ ശക്തി കുറയാതെ ഒന്ന് ചേർന്ന് ദൈവവുമായുള്ള പ്രാർത്ഥനയുടെ ശക്തിയിൽ മുന്നോട്ടുവളർന്ന് വിശ്വാസത്തിൽ ജ്വലിച്ച് ആത്മീയ നന്മകളാൽ ഓരോരുത്തരും നിറയട്ടെ എന്ന് ആശംസികൾ നേർന്നു.

# മദർ തെരേസ ദേവാലയം തൊടുപുഴ




ഫെബ്രുവരി 2 സന്യസ്ത ദിനമായി ആചരിച്ചു. അണഞ്ഞുപോകാത്ത വെളിച്ചവും ഉറകെടാത്ത ഉപ്പ് ആകുവാൻ വിളിക്കപ്പെട്ടതാണ് ക്രൈസ്തവ ജീവിതവും സന്യാസ ദൈവവിളിയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന രണ്ട് പ്രതീകങ്ങളാണ് ഉപ്പും പ്രകാശവും എന്ന് ഇടവക വികാരി ഓർമിപ്പിച്ചു. ഒരിടവകയുടെ മാത്രമല്ല രൂപതയുടെയും ക്രൈസ്തവ ഭവനങ്ങളുടെയും പ്രതീകങ്ങളാണ് ഓരോ സന്യസ്തരും കുടുംബത്തിനും സഭയ്ക്കും ആയിരിക്കുന്ന സമൂഹത്തിനും ഉപ്പും വെളിച്ചവും ആകാൻ സഹായിക്കട്ടെ എന്ന് ഇടവക സെക്രട്ടറി ആശംസിച്ചു.. അന്നേ ദിനം തിരുബാലസഖ്യത്തിന്റെ വാർഷികാഘോഷം നടന്നു കുഞ്ഞുമക്കൾ വ്യത്യസ്തരായ വിശുദ്ധരുടെ രൂപഭാവങ്ങളോടെ ദൈവാലയത്തിലേക്ക് പ്രദക്ഷിണമായി വൈദികനോടൊപ്പം ദിവ്യബലിക്ക് കടന്നുവന്നു. വിശുദ്ധരുടെ വേഷധാരികളായ കുട്ടികളും മാതാപിതാക്കളും അധ്യാപകരും ആവേശപൂർവ്വം പ്രദക്ഷണത്തിൽ പങ്കുചേർന്നു. ദൈവാലയത്തിൽ ഓരോ വിശുദ്ധരെയും പരിചയപ്പെടുത്തി വികാരിയച്ചൻ കുഞ്ഞുമക്കൾക്ക് സമ്മാനം നൽകി.



**വൈശ്യംഭാഗം** ബി. ബി എം എച്ച് എസിന്റെ വജ്രജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് വർ ണാഭമായ സൈക്കിൾ റാലി നടത്തപ്പെട്ടു. ഉദ്ഘാടനയോഗത്തിൽ സ്കൂൾ ഹെഡ് മിസ്ട്രെസ്. ശ്രീമതി. റോസ് മേരി മൈക്കിൾ സ്വാഗതമാശംസിച്ചു.നെടുമുടി ഗ്രാമപഞ്ചായത്ത് വൈസ്. പ്രസിഡന്റ്. ശ്രീ. സാജു കടമാട് ഫ്ലാഗ് ഓഫ് ചെയ്ത് ഉദ്ഘാടനം നിർവഹിച്ചു.നെടുമുടി പഞ്ചായത്ത് പതിനാലാം വാർഡ് മെമ്പർ ശ്രീ. എൻ.എസ് കുഞ്ഞുമോൻ അധ്യക്ഷത വഹിച്ച യോഗത്തിന് സ്കൂൾ സീനിയർ അസിസ്റ്റന്റ്. ശ്രീമതി. ജെസ്സി സേവിയർ കൃതജ്ഞത അർപ്പിച്ചു. വിദ്യാർത്ഥികളുടെ സൈക്കിൾ റാലി നാടിന്റെ കണ്ണും മനസ്സും നിറക്കത്തക്കവിധം മനോഹരമായിരുന്നു. വഴയിലുടനീളം പൂർവവിദ്യാർത്ഥികൾ കരുതലിന്റെ സ്നേഹസ്പർശവുമായി,കുട്ടികൾക്ക് ദാഹജലവുമായി കാത്തുനിന്നു.



**വണ്ടിപ്പെരിയാർ** അസപ്ഷൻ ഇടവകയിൽ മതബോധന വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സമർപ്പിത ദിനം ആഘോഷിച്ചു. ഇടവക വികാരി ഫ്രാൻസിസ് നെടുംപറമ്പിൽ യോഗം ഉദ്ഘാടനം ചെയ്തു. സഹവികാരി ജോസഫ് ബെഞ്ചമിൻ, ഫാ. ഫിലിപ്പ് രാജ്, ഹെഡ്മാസ്റ്റർ സെൽവം, ഇടവക സമിതി സെക്രട്ടറി സ്റ്റെലിൻ കല്ലറയ്ക്കൽ, മതബോധന സെക്രട്ടറി അനീറ്റ ബിബിൻ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.



പാമ്പനാർ ഇടവകയിലെ തിരുബാലസഖ്യദിനത്തിൽ
അഭി. ആന്റണി വാലുങ്കൽ പിതാവ് കൈക്കൂഞ്ഞിന് ബാഡ്ജ് നൽകുന്നു



മാരാമൺ ഇടവകയിലെ തിരുബാലസഖ്യദിനാഘോഷം



പീരുമേട് മേഖലയിലെ അൾത്താര ബാലന്മാരുടെ സംഗമം



വൈശ്യംഭാഗം B.B.M ഹൈസ്കൂളിന്റെ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് വിജയപുരം കോർപ്പറേറ്റ് മാനേജർ റവ. ഡോ. ആന്റണി പാട്ടപ്പറമ്പിൽ സംസാരിക്കുന്നു.



ലീജിയൻ ഓഫ് മേരി മാരാമൺ കൂരിയാ അംഗങ്ങൾ
മൂന്നാർ മൗണ്ട് കാർമ്മൽ ബസലിക്ക സന്ദർശിച്ചപ്പോൾ

ആദരാഞ്ജലികൾ



**മേരി മാത്യു**
കൊച്ചുപറമ്പിൽ, കോടപ്പള്ളി

ആദരാഞ്ജലികൾ



**അൽഫോൺസാ തോമസ്**
കൊട്ടാരമഠം

ആദരാഞ്ജലികൾ



**മറിയാമ്മ**
തുരുത്തിക്കോണം

# വി.എസ്.എസ്.എസ്.
# വാർത്തകൾ



## സുമിത്ര" കാൻസർ സുരക്ഷാ യജ്ഞത്തിന് തുടക്കം.

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി നടത്തുന്ന കാൻസർ സുരക്ഷാ പദ്ധതിയായ ആശാകിരണത്തിന്റെ ഭാഗമായി ലോക കാൻസർ ദിനാചരണവും ഗർഭാശയ കാൻസറിനെതിരെ ഒരു വർഷം നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടിയായ "സുമിത്ര" പദ്ധതിയുടെ ഉത്ഘാടനവും വി എസ് എസ് എസ് കേന്ദ്ര കാര്യാലയമായ അമലനിലയത്തിൽ വിജയപുരം രൂപത ബിഷപ്പ് ഡോ.സെബാസ്റ്റ്യൻ തെക്കത്തെച്ചേരിലിന്റെ അധ്യക്ഷതയിൽ കോട്ടയം മുനിസിപ്പൽ ചെയർപേഴ്സൺ ബിൻസി സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. വി എസ് എസ് എസ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. അഗസ്റ്റിൻ ബിനോയി മേച്ചേരിൽ പദ്ധതി വിശദീകരണം നടത്തി. ഓരോ മേഖലയിലും കാൻസർ സുരക്ഷാരംഗത്ത് മികച്ച പ്രവർത്തനം നടത്തിയ ആശകിരണം യൂണിറ്റുകളെ യോഗത്തിൽ ആദരിച്ചു. ഇവർക്കുള്ള ഫലകങ്ങൾ മേഖല പ്രസിഡന്റ് , ഫാ. ജോസഫ് തറയിൽ വിതരണം ചെയ്തു. സെന്റ് മേരീസ്, വടവാതൂർ, സെന്റ് ജോസഫ്സ്. പൊടിമറ്റം, ലിറ്റിൽ ഫ്ളവർ വനവാതുക്കര, ഹോളിക്രോസ് മണ്ണക്കനാട്, എന്നീ ആശകിരണം യൂണിറ്റുകൾ ഫലകം ഏറ്റുവാങ്ങി. അസി. ഡയറക്ടർ ഫാ.ലിനോസ് ബിവേര ചുള്ളിക്കാപറമ്പിൽ, മുൻസിപ്പൽ കൗൺസിലർ മോളിക്കുട്ടി സെബാസ്റ്റ്യൻ, റോണി ഗിൽബർട്ട്, പ്രോഗ്രാം കോർഡിനേറ്റർ പ്രമില ജോർജ്, പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ എന്നിവർ സംസാരിച്ചു. മാന്നാനം കെ ഇ കോളേജ് എം എസ് ഡബ്ല്യൂ വിദ്യാർത്ഥികളുടെ വിവിധ പരിപാടികൾ, കീമോ തെറാപ്പിയെ തുടർന്ന് മുടി നഷ്ടപ്പെട്ട ക്യാൻസർ രോഗികൾക്ക് വിഗ് നിർമ്മിക്കുന്നതിനായി കേശദാനം, ചികിത്സ സഹായവിതരണം, എന്നിവയും നടത്തി.

## സൗജന്യ നേത്ര പരിശോധന ക്യാമ്പ്



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി, മധുരവേലി ജനകീയ വികസന സമിതിയുടെയും മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മധുരവേലി ഇൻഫന്റ് ജീസസ് സ്കൂളിൽ കോട്ടയം മെഡിക്കൽ കോളേജ് നേത്ര രോഗ വിഭാഗത്തിന്റെ സഹകരണത്തോടെ സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. സജി പോൾ ചാലവീട്ടിലിന്റെ അധ്യക്ഷതയിൽ വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിനൂസ് ബിവേര ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് നേത്ര വിഭാഗം ഡോക്ടർ ആതിര ക്യാമ്പിനെതുടർന്ന് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ച് വിശദീകരിച്ചു. സിസ്റ്റർ വത്സമ്മ ആശംസ അർപ്പിച്ചു. എൽഡേഴ്സ് ഫോറം സെക്രട്ടറി തോമസ് സ്വാഗതം അർപ്പിച്ചു. പ്രസിഡന്റ് ജോസ് തടത്തിൽ, ഖജാൻജി സിസ്റ്റർ അൻസാമ്മ, ആനിമേറ്റർ അന്നമ്മ എം ഡി എന്നിവർ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. ക്യാമ്പിൽ 140 പേർ നേത്രപരിശോധന നടത്തി.

## വനിതാദിനം '25 ആലോചനാ യോഗം

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വം നൽകുന്ന വിവിധ പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിൽ വിവിധ സോണുകളിൽ നടത്തപ്പെടുന്ന വനിതാദിന ആഘോഷങ്ങളുടെ ആലോചനായോഗങ്ങൾ നടന്നു. കോട്ടയത്ത് മേഖല പ്രസിഡന്റ് റവ. ഫാ. ജോസഫ് തറയിലിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ vsss എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ, ടി. കെ. രാജു, സെബാസ്റ്റ്യൻ മറ്റത്തിൽ, പ്രമില ജോർജ്, മിനിമോൾ ജോസഫ്, ആനിമേറ്റർമാർ, pdc സെക്രട്ടറിമാർ, സംയുക്ത, സംയോജിത ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. മാർച്ച് 8 ശനിയാഴ്ച കുറിച്ചി ഇടവകയിൽ വെച്ച് വനിതാ ദിനം നടത്തുവാൻ തീരുമാനിച്ചു.

തിരുവല്ല മേഖലയിൽ മടത്തുംഭാഗത്തു വെച്ച് നടന്ന ആലോചന യോഗത്തിൽ മേഖല പ്രസിഡന്റ് റവ. ഫാ. ജോർജ് മനോജ് ലോബോ



*തിരുവല്ലാ മേഖല വനിതദിനാഘോഷ കമ്മറ്റിരൂപീകരണം പുവം ഇടവകയിൽ വച്ച് മേഖല പ്രസിഡന്റ് റവ.ഫാ. മനോജ് ലോബോയുടെ അധ്യക്ഷതയിൽ.*

അധ്യക്ഷത വഹിച്ചു. ഗവേണിംഗ് ബോഡി മെമ്പർ ഷാജി ജോസഫ്, VSSS പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ, സംയോജിത ഭാരവാഹികൾ,പി ഡി സി അംഗങ്ങൾ, അനിമേറ്റേഴ്സ്, തുടങ്ങിയവർ പങ്കെടുത്തു. പൂവം സെന്റ്. ജോസഫ് ഇടവകയിൽ വെച്ച് മാർച്ച് 8ന് വനിതാ ദിനം നടത്തുവാൻ തീരുമാനമായി.

മുണ്ടക്കയം മേഖലയിൽ മുണ്ടക്കയം സെന്റ് മേരിസ് ഇടവകയിൽ മേഖല പ്രസിഡന്റ് റവ. ഫാ. വർഗീസ് ആലുങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റവ. ഫാ. ടോം ജോസഫ്, റവ. ഫാ. സേവിയർ മാമൂട്ടിൽ, റവ. ഫാ. ജോബ് കുഴിവയലിൽ, vsss കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ഓഫീസർ ടി കെ രാജു , പി ഡി സി സെക്രട്ടറിമാർ,ആനിമേറ്റേഴ്സ്, സംയോജിത ഭാരവാഹികൾ എന്നിവർ പങ്കെടുത്തു. മാർച്ച് 8 ന് മുണ്ടക്കയം സെന്റ് മേരീസ് ഇടവകയിൽ വെച്ച് വനിതാദിനം നടത്തുവാൻ തീരുമാനിച്ചു. മേഖലകളിൽ റാലി, പൊതുസമ്മേളനം, കലാ സാംസ്കാരിക പരിപാടികൾ തുടങ്ങിയവയോടെ വിപുലമായി വനിതാ ദിനം ആചരിക്കുവാൻ തീരുമാനമായി.

## 'സംയുക്ത' മീറ്റിംഗ്

വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കോട്ടയം, പട്ടിത്താനം, മുണ്ടക്കയം, തിരുവല്ല സ്വാശ്രയസംഘങ്ങളുടെ മേഖലാതലഘടനയായ സംയുക്തയുടെ മീറ്റിംഗുകൾ വിജയകരമായി സംഘടിപ്പിച്ചു.

**കോട്ടയം മേഖലാ മീറ്റിംഗ്**: കീഴുക്കുന്ന് അമലനിലയത്തിൽ നടന്ന യോഗത്തിൽ മേഖലാ പ്രസിഡണ്ട് ശ്രീ. ജോസഫ് മാത്യുവിന്റെ അധ്യക്ഷതയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ബിനോയി മേച്ചേരിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസഫ് തറയിൽ മുഖ്യ സന്ദേശം നൽകി, മേഖലാ സെക്രട്ടറി ശ്രീമതി വനജ ബൈജു റിപ്പോർട്ട് അവതരിപ്പിച്ചു.

**മുണ്ടക്കയം മേഖലാ മീറ്റിംഗ്**: പൊടിമറ്റം സെന്റ് ജോസഫ് പാരിഷ് ഹാളിൽ നടന്ന യോഗത്തിൽ മേഖലാ പ്രസിഡണ്ട് ശ്രീ. ഷിബു ജോസഫിന്റെ അധ്യക്ഷതയിൽ ശ്രീ. ടി. കെ. രാജു ഈ വർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു മേഖലാ സെക്രട്ടറി ശ്രീമതി ശൈലജ സാബു റിപ്പോർട്ട് അവതരിപ്പിച്ചു.

**പട്ടിത്താനം മേഖലാ മീറ്റിംഗ്**: മണ്ണക്കനാട് ഹോളിക്രോസ് ദേവാലയ ഹാളിൽ മേഖലാ പ്രസിഡണ്ട് ശ്രീമതി മരിയ പത്രോസിന്റെ അധ്യക്ഷതയിൽ CDO ശ്രീ. ടി. കെ. രാജു ഉദ്ഘാടനം നിർവഹിച്ചു.

**തിരുവല്ല മേഖലാ മീറ്റിംഗ്:** പെരുമ്പെട്ടി മൗണ്ട് കാർമൽ ഇടവകയിൽ റവ. ഫാ. സേവ്യർ ചെറുനെല്ലാടിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. സെക്രട്ടറി ശ്രീമതി ജെസ്സി രഘു റിപ്പോർട്ട് അവതരിപ്പിച്ചു.

നാലു മേഖലകളിലെയും റിപ്പോർട്ടുകളെ അവലോകനം ചെയ്ത് CDO ശ്രീ. ടി.കെ.രാജു പ്രസംഗിച്ചു. മീറ്റിംഗിനോടനുബന്ധിച്ച് 'ഗർഭാശയ ക്യാൻസറും സാനിറ്ററി പാഡുകളുടെ ഉപയോഗവും' എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിച്ചു.

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലന പരിപാടി



വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി ശേഷി വികസന പരിശീലന പരിപാടിയുടെ ഭാഗമായി സ്റ്റാഫ് അംഗങ്ങൾക്ക് നിർമിതബുദ്ധിയെക്കുറിച്ച് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) (AI) ക്ലാസ് സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയി മേച്ചേരിൽ നിർമ്മിത ബുദ്ധിയെക്കുറിച്ചും വത്തിക്കാൻ വിശ്വാസ തിരുസംഘം പുറപ്പെടുവിച്ച Antiqua et Nova ' എന്ന രേഖയെക്കുറിച്ചും ആമുഖം നൽകി. അസിസ്റ്റന്റ് ഡയറക്ടർ ഫാ. ലിനൂസ് ബിവേര നിർമ്മിത ബുദ്ധിയെ ക്കുറിച്ചുള്ള പ്രായോഗിക പാഠങ്ങൾ പഠിപ്പിക്കുകയും, വിവിധ AI പ്രോഗ്രാമുകൾ പരിചയപ്പെടുത്തുകയും ചെയ്തു. ജീവനക്കാർക്ക് നിർമ്മിത ബുദ്ധിയെക്കുറിച്ചുള്ള നൂതന അറിവുകളും, അവരുടെ ജോലിയിൽ ഇത് എങ്ങനെ ഉപയോഗിക്കാമെന്ന പരിശീലനവും ലഭിച്ചു. നിർമ്മിത ബുദ്ധിയെ സംബന്ധിച്ച ധാർമ്മിക കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെട്ടു.




# അഭിവന്ദ്യ പിതാവിന്റെ

## മാർച്ച് മാസ പരിപാടികൾ

01-03-2025 - ദിവ്യബലി, വിമലഗിരി കത്തീഡ്രൽ
02-03-2025 - ജൂബിലി ദിവ്യബലി, മൗണ്ട് കാർമ്മൽ കോൺവെന്റ് കോട്ടയം
- വൈദികവസതി വെഞ്ചരിപ്പ്, പെരുവ
03-03-2025 - കോൺവെന്റ് ആശീർവാദം, മാരാമൺ
04-03-2025 - ദിവ്യബലി, സെന്റ് ആന്റണീസ്, നാഗമ്പടം
05-03-2025 - വിഭൂതി ദിവ്യബലി വിമലഗിരി കത്തീഡ്രൽ
09-03-2025 - ദിവ്യബലി, വനവാതുക്കര
20-03-2025 - പ്രീസ്റ്റ് കൗൺസിൽ മീറ്റിംഗ്
29-03-2025 - കുട്ടിക്കാനം ബൈബിൾ കൺവൻഷൻ

---





നെയ്യാറ്റിൻകര രൂപത
പിൻതുടർച്ചാവകാശമുള്ള
നിയുക്ത സഹായ മെത്രാൻ

**റൈറ്റ് റവ.ഡോ. മോൺ.**
**ഡി. സെൽവരാജൻ**
**പിതാവിന്**

വിജയപുരം രൂപതയുടെ
**പ്രാർത്ഥനാശംസകൾ**




വിമലഗിരി കത്തീഡ്രലിൽ 21-ാമത് CDPI നാഷണൽ മീറ്റ് ഉദ്ഘാടനം
അഭിവന്ദ്യ വർഗീസ് ചക്കാലയ്ക്കൽ പിതാവ് നിർവ്വഹിക്കുന്നു.



പീരുമേട് മേഖലയിലെ തിരുബാലസഖ്യ ബാലിക-ബാലന്മാർ
അഭിവന്ദ്യ ജസ്റ്റിൻ പിതാവിനോടൊപ്പം.

MARCH 2025
Vol. 18 • Issue 3
Published on
1st March 2025

vijayapuradhuthu
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India
A Government of India Undertaking

Kodimatha Branch
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



യൂണിയൻ ഗോൾഡ് ലോൺ

KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം

ഗ്രാമിന് പരമാവധി **4722 രൂപ** വരെ

100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ

- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക് :
0481-2581213, 8369774730, 7012204575



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at Good Shepherd Press, Kottayam, Kerala. # 0481-2569180